## മഹാമാരിയുടെ ഭീതിയിൽ

16 ജൂൺ 2020

കുട്ടികളുടെ ശാസ്ത്രദ്വൈവാരിക

ഇന്ത്യൻ ഭാഷകളിൽ ഏറ്റവും കൂടുതൽ
കുട്ടികൾ വായിക്കുന്ന ശാസ്ത്രപ്രസിദ്ധീകരണം

വില: ₹17.00

# യുറീക്ക



# എത്ര കിളിയുടെ പാട്ടറിയാം, പേരറിയാം

എല്ലാവരും വീട്ടിൽ തന്നെ കഴിയേണ്ടി വന്നപ്പോൾ യുറീക്ക വെറുതെ ഇരുന്നില്ല കേട്ടോ. കൂട്ടുകാർക്കായി യുറീക്ക ഒരുഗ്രൻ പരിപാടി നടത്തി. എത്ര കിളിയുടെ പാട്ടറിയാം, എത്ര കിളിയുടെ പേരറിയാം എന്നതായിരുന്നു പരിപാടിയുടെ പേര്. ഓൺലൈനിലായിരുന്നു ഈ രസികൻ ചാലഞ്ച് പരിപാടി. കിളികളുടെ ശബ്ദം കേട്ടും വീഡിയോ കണ്ടും ഏത് കിളിയെന്ന് തിരിച്ചറിയുകയായിരുന്നു ചാലഞ്ച്. നൂറു കണക്കിന് കൂട്ടുകാരണ് 45 ദിവസം നീണ്ട ഈ പരിപാടിയിൽ പങ്കാളികളായത്. പരിപാടിയുടെ സമാപനമായി ഒരു കിളിപ്പാട്ട് പൂരവുമുണ്ടായിരുന്നു. കിളിപ്പാട്ട്, കിളിക്കൊഞ്ചൽ, കിളിവാക്ക് എന്നിവയായിരുന്നു പൂരത്തിലെ വിഭവങ്ങൾ. ചാലഞ്ചിനെക്കുറിച്ച് നേരത്തെ അറിയാൻ കഴിയാതെ പോയ കൂട്ടുകാർക്ക് യുറീക്കയുടെ ഫേസ്ബുക്ക് പേജിൽ പോയാൽ ഓരോ ദിവസത്തേയും കിളികളെ പരിചയപ്പെടാം. വിശദാംശങ്ങൾ മനസ്സിലാക്കിയതിന്റെ ശേഷം തൊട്ടടുത്ത ദിവസത്തെ പോസ്റ്റ് നോക്കിയാൽ മതി.











പങ്കെടുത്ത എല്ലാ കൂട്ടുകാർക്കും മനോഹരമായ സർട്ടിഫിക്കറ്റ് നൽകിയിരുന്നു.

യുറീക്കയ്ക്കു വേണ്ടി ഈ പരിപാടി അണിയിച്ചൊരുക്കിയത് പാലക്കാട്ടുള്ള കെ വി എസ് കർത്ത മാമനും ലില്ലി ച്ചേച്ചിയുമാണ്. അവർക്ക് യുറീക്കയുടെ സ്നേഹം.



**പ്രവർത്തനങ്ങളിൽ മികച്ച പ്രകടനം നടത്തിയ കൂട്ടുകാർ ഇവരാണ്**

## കുരുവിക്കൂട്ടം

*(അഞ്ചാം ക്ലാസിലും താഴെയും ഉള്ളവർ)*

1. തേജസ് പി.ആർ., പാലക്കാട്
2. ആദിഷ് എം., കാസർഗോഡ്
3. വൈഷ്ണവി വിനോദ്, ആലപ്പുഴ
4. വൈശാഖ് ആർ നായർ, പത്തനംതിട്ട
5. ആരുഷ് എം., കാസർഗോഡ്
6. വിനായക് വിനോദ്, ആലപ്പുഴ

## പക്ഷിക്കൂട്ടം

*(ആറാം ക്ലാസിലും അതിനു മുകളിലും)*

1. വൈഷ്ണവി ആർ നായർ, പത്തനംതിട്ട
2. ആദിത്ത്, കാസർഗോഡ്
3. ലക്ഷ്മി പി.വി, പാലക്കാട്
4. ശിവാനി പ്രിയ, തിരുവനന്തപുരം
5. ശ്രീലക്ഷ്മി, തിരൂർ

**പ്രത്യേക സമ്മാനം**

**ശ്രീമയി സജിത്ത് മേനോൻ**, ഷാർജ

***കിളിപ്പാട്ട് ചാലഞ്ചിൽ നേരത്തെ പങ്കെടുക്കാൻ പറ്റാത്തവർക്ക് ഇതാ ഒരവസരം കൂടി.***

ക്യൂ ആർ കോഡ് സ്കാൻ ചെയ്യൂ.

2020
**ജൂൺ 16**
വാല്യം: 41 ലക്കം 22, 23, 24
വാല്യം: 42 ലക്കം 1, 2

# യുറീക്ക
കുട്ടികളുടെ ശാസ്ത്ര ദ്വൈവാരിക

1970– ൽ പ്രസിദ്ധീകരണം ആരംഭിച്ചത്

സന്ദർശിക്കുക :
www.eurekafortnightly.com
www.facebook.com/
EurekaFortnightly

കത്തുകളും രചനകളും അയയ്ക്കേണ്ട
വിലാസം: എഡിറ്റർ, യുറീക്ക, ചാലപ്പുറം,
കോഴിക്കോട് – 673 002.
e-mail: eurekakssp@gmail.com

ഓൺലൈനിൽ വായിക്കാൻ
www.magzter.com
www.readwhere.com

## ലേഖനങ്ങൾ

6. അണുബോംബും മിസൈലും തോൽക്കുന്ന യുദ്ധം :
കെ.പാപ്പൂട്ടി

10. വാഴ വിശേഷം :
ഇ. രാജൻ

18. വായനയ്ക്ക് അവധി വേണ്ട :
ഇ.എൻ.ഷീജ

20. വില്യം ഷേക്സ്പിയർ :
ഷൈല സി. ജോർജ്

29. രോഗം രോഗപ്രതിരോധം :
ഡോ.കെ.പി.അരവിന്ദൻ

## കഥ

13. തീ :
വിജീഷ് പരവരി

14. സ്നേഹപൂർവം :
പി.വി.സന്തോഷ്

16. കൊമ്പൻ :
സി.എം.മുരളീധരൻ

26. മാർടെൻ & സിവിറ്റ്
(പൂർത്തിയാക്കാനൊരു കഥ)
: ഷിനോജ് രാജ്

## നോവൽ

36. ഭൂമിയിലെ നക്ഷത്രങ്ങൾ :
പ്രേമജ ഹരീന്ദ്രൻ

## കവിത

8. നാട്ടുകാണാൻ പോയവർ :
ഇ.ജിനൻ

35. ഇലക്കുപ്പായക്കാരി :
എ.വി.സന്തോഷ്കുമാർ

## മത്സരം

17. ഒരു ദിവസം ഒരാന

21. എവിടെനിന്നെന്ന് പറയാമോ?



ചിത്രീകരണം: രാജീവ് എൻ ടി

കേരള ശാസ്ത്രസാഹിത്യ പരിഷത്ത്
പ്രസിദ്ധീകരണം

# മുഖക്കുറി

കൊറോണ വ്യാപനത്തെ തുടർന്ന് മാർച്ച് 23 നാണ് കേരളത്തിൽ ലോക്ഡൗൺ നിലവിൽ വന്നത്. തുടർന്ന് ഇന്ത്യയിലൊട്ടാകെയും. അന്ന് തൊട്ട് നമ്മളെല്ലാവരും വീട്ടിൽ അടച്ചിരിപ്പായി. മറ്റെങ്ങും പോവാതെ, സുഹൃത്തുക്കളേയും ബന്ധുക്കളേയും കാണാതെ... വലിയ ബുദ്ധിമുട്ട് തന്നെയാണല്ലേ. പക്ഷേ, അത് വെറുതായിരുന്നില്ലല്ലോ. ഒരു മഹാമാരിയിൽ നാമും നമ്മുടെ നാടും നശിച്ചു പോവാതിരിക്കാൻ. കൊറോണ വൈറസിന് പടർന്നു പിടിക്കാനുള്ള അവസരമില്ലാതാക്കാനാണ് നമുക്ക് അങ്ങനെ ചെയ്യേണ്ടി വന്നത്.

എന്തെല്ലാം പ്രയാസങ്ങൾ നാട്ടിലുണ്ടായി, അല്ലേ? പഠനവും പരീക്ഷകളും മുടങ്ങി, പാവപ്പെട്ടവരുടെ തൊഴിൽ മുടങ്ങി, കച്ചവടസ്ഥാപനങ്ങൾ പ്രവർത്തിക്കാതായി... വിവിധ ഓഫീസുകൾ നിലച്ചു, ഒരു തരത്തിലുള്ള വാഹനങ്ങളും ഓടാതായി. ചുരുക്കത്തിൽ എല്ലാം മുടങ്ങി.

സ്വന്തം നാട്ടിലെത്തിച്ചേരാൻ കഴിയാതെ ബുദ്ധിമുട്ടിയ ലക്ഷക്കണക്കിന് ആളുകൾ... അവരിൽ പലരും കൊടും വെയിലിൽ നൂറു കണക്കിന് കിലോമീറ്ററുകൾ നടക്കാൻ തയ്യാറായതും വഴിയിൽ തളർന്നു വീഴുന്നതുമെല്ലാം കാണേണ്ടി വന്നു. വൈറസ് പടരുന്നതെങ്ങനെയെന്നോ കൈക്കൊള്ളേണ്ട പ്രതിരോധ നടപടികൾ എന്തൊക്കെ എന്നോ അറിയാത്തവരായിരുന്നു ബഹുഭൂരിപക്ഷം.

എന്നാൽ മാസ്കുകൾ ധരിച്ചും, സോപ്പിട്ട് ഇടയ്ക്കിടെ കൈ കഴുകിയും, സാനിറ്റൈസർ ഉപയോഗിച്ചും രോഗസാധ്യതയുള്ളവരെ ക്വാറന്റൈനിൽ നിർത്തിയും വൈറസിന്റെ വ്യാപനം വലിയ തോതിൽ തടഞ്ഞു നിർത്താൻ കേരളീയർക്ക് കഴിഞ്ഞു. ലോകത്തെ സമ്പന്ന രാജ്യങ്ങൾ പോലും ഒന്നും ചെയ്യാൻ കഴിയാതെ നിന്ന സന്ദർഭത്തിൽ നമ്മുടെ കൊച്ചു സംസ്ഥാനത്തിന് നേട്ടങ്ങളുടെ കഥ പറയാനുണ്ടായി. എങ്കിലും കൊറോണയുടെ ഭീഷണി ഇപ്പോഴും നിലനിൽക്കുന്നു. എപ്പോഴാണ് അത് ഒഴിയുക എന്ന് ഇപ്പോൾ പറയാൻ കഴിയില്ല. പരമാവധി ജാഗ്രത പുലർത്തി ജീവിക്കുക എന്നതു മാത്രമേ നമുക്കു ചെയ്യാൻ കഴിയൂ.

യുറീക്കയ്ക്കുമുണ്ടായി ഒരുപാട് പ്രയാസങ്ങൾ നാലു ലക്കങ്ങൾ പ്രസിദ്ധീകരിക്കാനേ കഴിഞ്ഞില്ല. മാത്രമോ, യുറീക്കയുടെ അമ്പതാം വാർഷിക ആഘോഷ പരിപാടികളെല്ലാം നടത്താൻ കഴിയാതെ പോയി. അമ്പതാം പിറന്നാൾ ലക്കമായി

## പംക്തികൾ


12. പദപ്രശ്നം
22. കാഴ്ചപ്പുറം
24. ഞാറ്റടി
38. പീക്കിരി.ഇൻ
41. യു.മെയിൽ




## കവർ

നിപിൻ നാരായണൻ

യുറീക്ക @ 50
അറിവ് ആഹ്ലാദമാക്കിയ അമ്പത് വർഷങ്ങൾ


വാർഷിക വരിസംഖ്യ : 300 രൂ.
ഒറ്റപ്രതി : 17 രൂ.
ഓൺലൈനായി പണമടയ്ക്കാൻ
www.ksspublications.com

ഡി.ഡി/എം.ഒ. ആണെങ്കിൽ

**മാനേജിങ് എഡിറ്റർ, യുറീക്ക, ചാലപ്പുറം, കോഴിക്കോട്-673002.**
e-mail: ksspmagazine@gmail.com,
Ph: 0495 2701919.



**പത്രാധിപസമിതി :**

സി എം മുരളീധരൻ (എഡിറ്റർ),
എം ദിവാകരൻ (മാനേജിങ് എഡിറ്റർ),
അനിത സി കെ (അസോ. എഡിറ്റർ), ഷിനോജ് രാജ് (എഡി. അസിസ്റ്റന്റ്), പ്രൊഫ.കെ.പാപ്പൂട്ടി, ജനു, ഇ.എൻ.ഷീജ, മൈന ഉമൈബാൻ, ഇ.രാജൻ, ഇ.ജിനൻ, മഞ്ജു പി എൻ, സിന്ധു എൻ പി, പി.കെ.സുധി, ഡോ.കെ.കിഷോർ കുമാർ, എം.ഗീതാഞ്ജലി, ഷൈല സി ജോർജ്.

ലേ-ഔട്ട്: ഷിനോജ് രാജ്,
ഗ്രാഫിക്സ് : റനീഷ് കെ.പി.

# മഹാമാരിയുടെ ഭീതിയിൽ



പുറത്തിറങ്ങേണ്ടിയിരുന്ന ജൂൺ ഒന്നാം ലക്കം പോലും പ്രസിദ്ധീകരിക്കാൻ കഴിഞ്ഞില്ല. ഏപ്രിൽ ഒന്നാം ലക്കം യുറീക്ക തപാലിൽ അയയ്ക്കാൻ തയ്യാറായ അവസരത്തിലാണ് ലോക്ഡൗൺ നിലവിൽ വന്നത്. ജൂൺ 16 ന്റെ ലക്കത്തോടെ യുറീക്കയുടെ പ്രസിദ്ധീകരണം പുനരാരംഭിക്കുക യാണ്. പ്രതിസന്ധികൾ ഒരുപാടുണ്ടെങ്കിലും കൂട്ടുകാർക്കിടയിലേക്ക് ശാസ്ത്രബോധത്തിന്റെ സന്ദേശവുമായി കടന്നുവരാതിരിക്കാൻ യുറീക്ക യ്ക്ക് കഴിയില്ലല്ലോ.


യുറീക്കാ മാമൻ

*ഇവിടെ സ്കാൻ ചെയ്താൽ*
*ഒരു കൊറോണാ ഗാനം കേൾക്കാം*

ചിത്രീകരണം: കെ.സതീഷ്



# അണുബോംബും മിസൈലും തോൽക്കുന്ന യുദ്ധം



**കെ പാപ്പൂട്ടി**


ചിത്രീകരണം: കെ.സതീഷ്

സ്കെയിലിൽ ഒരു മില്ലിമീറ്റർ നീളം എത്ര വരും എന്നു നിങ്ങൾ നോക്കിയിട്ടില്ലേ? ഇപ്പോൾ ഒന്നുകൂടി ശ്രദ്ധിച്ച് നോക്കിക്കോളൂ. ഒരു നൂലെടുത്ത് അതിൽ നിന്ന് ഒരു മില്ലീമീറ്റർ (1 മി മീ) നീളത്തിൽ ഒരു കഷണം വെട്ടിയെടുക്കാൻ പറ്റുമോ എന്നു നോക്കൂ. പറ്റും അല്ലേ?

ഇനി ആ ചെറിയ കഷണത്തെ തുല്യനീളമുള്ള 10 കഷണങ്ങൾ ആക്കാൻ പറ്റുമോ എന്നു ശ്രമിച്ചു നോക്കൂ. നല്ല മൂർച്ചയുള്ള ബ്ലേഡുണ്ടെങ്കിൽ പറ്റിയേക്കും. അപ്പോൾ അതിലെ ഓരോ കഷണത്തിന്റെയും നീളം 1/ 10 അഥവാ 0.1 മി മീ വീതമാണ്.

ഇങ്ങനെ പറയുന്നതിനു പകരം, ഓരോ കഷണത്തിനും 100 മൈക്രോ മീറ്റർ അഥവാ 100 മൈക്രോൺ നീളമുണ്ടെന്നും പറയാം (ആയിരം മൈക്രോൺ ആണ് ഒരു മില്ലിമീറ്റർ എന്നാണ് ഇതിനർഥം). നിങ്ങൾ ഉണ്ടാക്കിയ ഏറ്റവും ചെറിയ കഷണത്തെ 1മൈക്രോൺ വീതമുള്ള 100 കഷണമാക്കാൻ എന്തായാലും കഴിയില്ല.

ഒരു മൈക്രോൺ വീതം നീളവും വീതിയും കനവുമുള്ള ഒരു സാധനത്തെ നിങ്ങൾക്കു കാണാൻ തന്നെ കഴിയില്ല. കാണണമെങ്കിൽ മൈക്രോസ്കോപ്പ് വേണം. 25 മൈക്രോണിൽ കൂടുതലുള്ള വസ്തുക്കളെയാണ് നമ്മൾക്ക് സാധാരണ കാണാൻ കഴിയുക. എന്നാൽ പ്രകാശം തട്ടി നന്നായി ചിതറുമ്പോൾ 10 മൈക്രോൺ വലുപ്പമുള്ള വസ്തുക്കളെ പോലും നമുക്കു കാണാൻ പറ്റും. നല്ല ഇരുട്ടുള്ളപ്പോൾ, നിങ്ങൾ കിടക്കുന്ന ബെഡിൽ ഒന്നു തട്ടിയ ശേഷം ടോർച്ചടിച്ചാൽ പൊടി പടലങ്ങൾ നൃത്തം ചെയ്യുന്നതു കാണാം. അതിൽ ഏറ്റവും ചെറുതിന് ഏതാണ്ട് 10 മൈക്രോൺ



വലുപ്പം കാണും. അതിലും ചെറുതിനെ കാണാൻ പറ്റില്ല.

നമ്മുടെ ശരീരത്തിലെ ഒരു സെല്ലിന്, അത് ഏത് അവയവത്തിൽ നിന്നെടുക്കുന്നു എന്നതനുസരിച്ച് 1 മുതൽ 100 വരെ മൈക്രോൺ വലുപ്പമുണ്ടാകും. മിക്കതും കാണാൻ പറ്റാത്തവ ആയിരിക്കും.

ഇതിനകം കുപ്രസിദ്ധമായിക്കഴിഞ്ഞ കോവിഡ്–19 എന്ന കൊറോണ വൈറസിന് എത്ര വലുപ്പമുണ്ടെന്നറിയാമോ? (വൈറസുകളിൽ ഇവ വലുപ്പത്തിൽ കേമന്മാരാണ്.) ഒരു മൈക്രോണിന്റെ എട്ടിലൊന്നു മാത്രം. എന്നുവെച്ചാൽ, ഇവ തൊട്ടു തൊട്ടു വെച്ചാൽ ഒരു മൈക്രോൺ ആകണമെങ്കിൽ 8 എണ്ണം വേണം. 8000 എണ്ണം തൊട്ടിരുന്നാലേ 1 മി മീ നീളം വരൂ. 1 മി മീ വീതം നീളവും വീതിയും കനവുമുള്ള ഒരു കുഞ്ഞു പെട്ടിക്കുള്ളിൽ 8000x 8000x 8000 = 512000000000, അഥവാ അമ്പതിനായിരം കോടിയിലേറെ വൈറസുകൾക്ക് ഞെരുങ്ങാതെ കഴിയാം.

എത്ര ചെറുതാണല്ലേ കൊറോണ വൈറസ്! അതിന് സ്വന്തമായി ജീവൻ പോലും ഇല്ല. മനുഷ്യന്റെ സെല്ലിൽ കടന്നു കൂടിയാൽ അതിലെ പ്രോട്ടോപ്ലാസം സ്വീകരിച്ച് അതിന് ജീവൻ വെക്കും. അതിലെ പോഷകം സ്വീകരിച്ച് അത് പെരുകും. അത്ഭുതം അതല്ല, സ്വന്തമായി ജീവൻ പോലുമില്ലാത്ത ഈ ഇത്തിരി കുഞ്ഞൻ ഇപ്പം ആരെയൊക്കയാ മുട്ടുകുത്തിച്ചത് എന്നു നോക്കൂ. നൂറു കണക്കിന് അണുബോംബുകളും മിസൈലുകളും യുദ്ധവിമാനങ്ങളും പടക്കപ്പലുകളും കൈവശമുള്ള അമേരിക്കയെ, റഷ്യയെ, ഇംഗ്ലണ്ടിനെ, ഫ്രാൻസിനെ, ഇറ്റലിയെ, ജർമനിയെ... ശാസ്ത്രരംഗത്തെ മഹാരഥന്മാർ വളർന്ന നാടുകളാണ് ഇതൊക്കെ. അവർക്കൊക്കെ എന്തു പറ്റി? അവരുടെ ശാസ്ത്രം കൊണ്ടൊരു ഗുണവുമുണ്ടായില്ലേ?

ഉണ്ടായില്ല; കാരണം കൊറോണയെ നേരിടാൻ ശാസ്ത്രജ്ഞർ മാത്രം വിചാരിച്ചാൽ പറ്റില്ല. ശാസ്ത്രബോധമുള്ള ജനങ്ങളും ശാസ്ത്രബോധവും മനുഷ്യത്വവുമുള്ള രാഷ്ട്രീയ നേതൃത്വവും വേണം. അതിലേതെങ്കിലും ഒന്ന് ഇല്ലെങ്കിൽ അടിതെറ്റും. അമേരിക്കൻ പ്രസിഡണ്ട് ട്രംപിനെപ്പോലെ ശാസ്ത്രവിരുദ്ധനായ ഒരു ഭരണാധികാരി വരുത്തിവെച്ച വിന എത്ര വലുതാണെന്നു നോക്കൂ. അവിടുത്തെ പാവപ്പെട്ട മനുഷ്യർക്ക് ആരോഗ്യരക്ഷ നൽകാൻ ആസ്പത്രി പണിയാൻ ഒന്നോ രണ്ടോ പടക്കപ്പലുകളുണ്ടാക്കാനുള്ള പൈസ മതിയാകുമായിരുന്നു.

ഇതിനിടയിൽ കേരളം എന്ന നമ്മുടെ ചെറിയ സംസ്ഥാനം ലോക ശ്രദ്ധ നേടിയിരിക്കുന്നു.

## കുട്ടുകാർക്ക് ഒരു സമ്മാന പദ്ധതി

'യുറീക്ക നറുനെല്ലിക്ക' എന്ന എൺപത് രൂപ വിലയുള്ള പുസ്തകം സമ്മാനമായി നേടാം. നിങ്ങൾ ചെയ്യേണ്ടത് ഇത്രമാത്രം. നിങ്ങളുടെ രണ്ട് ചങ്ങാതിമാരെ യുറീക്കയുടെ വരിക്കാരാക്കുക. നിങ്ങൾ വരിക്കാരാക്കിയവരുടെ വിവരങ്ങൾ വാട്സ് ആപ്പിലൂടെ യുറീക്കയെ അറിയിക്കുക.
(94971 72919)

വരിസംഖ്യ ഓൺലൈനായി kssppublications.com ലൂടെയോ മണി ഓർഡറായോ അടയ്ക്കാം. വാർഷിക വരിസംഖ്യ മൂന്നൂറ് രൂപ

**ഈ പദ്ധതി ജൂലൈ 15 വരെ മാത്രം.**

ഇന്ത്യ മുഴുവൻ കോവിഡ് പടരുമ്പോഴും, ഏറെ ജനസാന്ദ്രതയുള്ള, മറ്റിടങ്ങളിൽ നിന്ന് ധാരാളം പേർ രോഗവുമായി വന്നു ചേർന്ന ഈ നാട് കൊറോണയെ പ്രതിരോധിച്ചു നിൽക്കുന്നു – ആ ഇത്തിരി കുഞ്ഞന്മാരോടു യുദ്ധം ചെയ്യാനുള്ള നമ്മുടെ ആയുധം നമ്മുടെ ശാസ്ത്രബോധമാണ്. എന്തുകൊണ്ട് മാസ്ക് ധരിക്കണം, എന്തുകൊണ്ട് കൂട്ടം കൂടരുത്, എന്തുകൊണ്ട് ചുറ്റും തുപ്പരുത് എന്നൊന്നും നമ്മുടെ നാട്ടുകാരെ പറഞ്ഞു ബോധ്യപ്പെടുത്താൻ വിഷമിക്കേണ്ടി വന്നില്ല.

നമ്മുടെ ഭരണനേതൃത്വത്തിനും വിജയത്തിന്റെ ക്രെഡിറ്റ് അവകാശപ്പെട്ടതാണ്– ശാസ്ത്രാധ്യാപികയായിരുന്ന ആരോഗ്യമന്ത്രി, ശാസ്ത്ര സമീപനത്തിന്റെ ഗുണം മനസ്സിലാക്കിയ മുഖ്യമന്ത്രിയും മറ്റു മന്ത്രിമാരും, സർവോപരി അവർ പുലർത്തുന്ന മാനുഷിക സമീപനം. ഇതെല്ലാം നമുക്കു നേട്ടമായി – ഗോ കൊറോണ ഗോ എന്നു പറഞ്ഞാലും കിണ്ണം മുട്ടിയാലും പശുവിന്റെ മൂത്രം കുടിച്ചാലും കൊറോണ പോവില്ല എന്നവർക്കെല്ലാം ബോധ്യമുണ്ടായിരുന്നു. ജനങ്ങൾക്കും അതറിയാം.

# നാട്ടുകാണാനാൻ പോയവർ



ഇ. ജിനൻ

ചിത്രീകരണം: രാജീവ് എൻ ടി

പൊൻമയും
പുന്നാര–
പ്പൂച്ചയും നായയും
പൊൻമണി–
ക്കുട്ടനും കൂടി

പൊന്നും
വെയിലുള്ളൊ–
രുച്ചയ്ക്ക്
നാടൊന്നു
ചുറ്റി–
ക്കറങ്ങുവാൻ പോയി.

കാറ്റൊന്നു
വീശി,
പുഴയൊപ്പം
പാടീ,
കിളിക–
ളവരോട്ടു കൂടീ

പകലാറി –
യൊന്നു
തണുത്തു,
പടിഞ്ഞാറിൻ





ചുമരിൽ
ചെഞ്ചായം
തുടുത്തു.

കടലിൻ
തിരകളി–
ലുപ്പുകാറ്റിൽ
പക്ഷി–
ഉടലാർന്നു
താണുപറന്നു.



നാടാകെ
ചുറ്റി–
നടന്നു ക്ഷീണിച്ചവർ,
നാൽ–
വഴിയിൽ വി–
ശ്രമിക്കെ,



ദൂരെ–
യാകാശ–
ച്ചെരുവി–
ലായ് മിന്നുന്ന
താരകം
നോക്കിയിരിക്കേ
സങ്കൽപ്പ
ലോകത്തുള്ളുടവർ
നാൽവരും
ദൂരേയ്ക്കു
യാത്ര തുടർന്നൂ–
ക്ഷീരപഥങ്ങളി
ലൂടെ, യറിയാത്ത
തീരത്തിലേക്ക്
നടന്നൂ.



# വാഴ വിശേഷം

**ഇ. രാജൻ**

ചിത്രീകരണം: സചീന്ദ്രൻ കാറഡുക്ക, ഫോട്ടോ : വി. സതി, വിജീഷ് പരവരി

ഒട്ടേറെ സവിശേഷതകളുണ്ട് വാഴയ്ക്ക് പറയാൻ. തെങ്ങിനെയും കവുങ്ങിനെയും പോലെ മുഷർക്ക് ഉറപ്പുള്ള തണ്ടില്ല. അപ്പോൾ വാഴത്തടയോ? ഇലത്തണ്ടുകൾ ഒന്നിനു മേൽ ഒന്നായി അടുക്കിവെച്ചതാണത്. ഉറപ്പില്ലാത്ത ഈ തണ്ട് ശരിക്കും തണ്ട് അല്ലെങ്കിൽ കാണ്ഡം (stem) അല്ല. വാഴയ്ക്കും ഒരു തണ്ട് (തടി) ഉണ്ടെന്ന് പറയാം. അത് മണ്ണിന്നടിയിലാണ്. ചുവട്ടിലെ മണ്ണ് കിളച്ചുനീക്കിയാൽ മണ്ണിന്നടിയിലെ തണ്ട് കാണാം. ഈ തണ്ടിനെ നമ്മൾ വാഴക്കണ്ട, വാഴമാണ്ഡം, വാഴക്കിഴങ്ങ് എന്നൊക്കെ വിളിക്കുന്നു. ഇഞ്ചിയും മഞ്ഞളും ചേമ്പും ഒക്കെ ഇതുപോലെ മണ്ണിന്നടിയിലുള്ള തണ്ടുകളാണ്. ഇവയെ പൊതുവായി ഭൂകാണ്ഡങ്ങൾ എന്നു പറയുന്നു (underground stems).



സ്വാഭാവികമായി ഒരു സംശയം ഉണ്ടാവാം. വാഴ വെട്ടിയാൽ തണ്ടിനുള്ളിൽ കാണുന്ന കാമ്പ്, (വാഴപ്പിണ്ടി, ഉണ്ണിത്തണ്ട് ) എന്താണ്? അത് വിശദീകരിക്കാം.

കുലച്ച വാഴയുടെ ഉള്ളിൽ മാത്രമേ വാഴപ്പിണ്ടി ഉണ്ടാവൂ. വാഴക്കുലയിൽ നിന്ന് താഴെ മണ്ണിന്നടിയിലോളം എത്തുന്ന ഇത് യഥാർഥത്തിൽ പൂങ്കുലത്തണ്ടാണ്. കൂമ്പ് വാഴയുടെ പൂങ്കുലയാണ്. കൂമ്പ് വിടർത്തുമ്പോൾ കാണുന്നത് വാഴപ്പൂക്കളാണ്. ഈ പൂക്കൾ പറിച്ചല്ലേ നമ്മൾ വാഴയുടെ തേൻ വലിച്ചു കുടിക്കുന്നത്!

വാഴ പൂക്കുന്നതിലുമുണ്ട് സവിശേഷത. മിക്ക ചെടികളിലെ പൂക്കളും വിരിയുന്നത് രാവിലെയാണല്ലോ. എന്നാൽ വാഴയുടെ പൂക്കൾ വിരിയുന്നത് വൈകുന്നേരമാണ്. ഇത് എന്തിനാണെന്നറിയണ്ടേ? ഈ പൂക്കളിൽ പരാഗണം നടത്തുന്നത് മുഖ്യമായും വാവലുകളാണ്. വാഴപ്പൂക്കൾ വിരിയുമ്പോഴുണ്ടാകുന്ന ഗന്ധം വാവലുകൾ തിരിച്ചറിയുന്നു. അവ പൂക്കളിൽ നിന്നും തേൻ കുടിക്കുന്നതുവഴി പരാഗണവും നടക്കുന്നു.



അണ്ണാൻ, ഒച്ച്, ചിലയിനം കിളികൾ എന്നിവയും തേൻ കുടിക്കാനായി വാഴപ്പൂക്കളിൽ എത്താറുണ്ട്. പരാഗണത്തിന് സഹായിക്കാറുമുണ്ട്.

വാഴയുടെ പൂങ്കുലയിൽ ആൺപൂക്കളും പെൺപൂക്കളും ഇതു രണ്ടുമല്ലാത്ത വിഭാഗവും ഉണ്ട്. പൊതുവെ പൂങ്കുലയിൽ ഏറ്റവും മുകളിലായി പെൺപൂക്കളാണുണ്ടാവുക. ഈ പെൺപൂക്കളാണ് വാഴയുടെ കായായി മാറുന്നത്. പിന്നീട് മൂത്തു പഴുത്ത് പഴമാകുന്നതും. വാഴപ്പഴം നമ്മളിൽ ഏറെപ്പേർക്കും ഇഷ്ടമാണ്. അതിന്റെ മധുരരുചിയും അത്രയ്ക്ക് കേമമാണ്. മധുരത്തിന് കാരണം പഴത്തിലടങ്ങിയ ഗ്ലൂക്കോസാണ്. ജീവകം എ, ജീവകം ബി, മാംസ്യം എന്നിവയാണ് വാഴപ്പഴത്തിലെ മറ്റ് രസക്കൂട്ടുകൾ.

വാഴപ്പഴത്തിന്റെ നടുവിൽ കാണുന്ന കറുപ്പ് നിറത്തിലുള്ള ഭാഗം വിത്ത് പോലിരിക്കും. എന്നാലിത് വിത്തല്ല. വാഴയ്ക്ക് പൊതുവെ വിത്തുണ്ടാകാറില്ല. വാവലുകൾ, അണ്ണാൻ, ഒച്ച്, ചെറിയ കിളികൾ, പരാഗണത്തിന് സഹായിക്കുന്നുണ്ടെങ്കിലും വാഴകളിൽ പൊതുവെ ആൺബീജവും പെൺബീജവും ചേർന്ന് വിത്തുകൾ ഉണ്ടാകുന്നില്ല. അതിനായി രൂപപ്പെട്ട അണ്ഡങ്ങളാണ് വാഴപ്പഴത്തിന്റെ നടുവിൽ നിർജീവമായി കിടക്കുന്ന ഈ കറുത്ത ഭാഗങ്ങൾ.









പരാഗണം നടക്കുന്നില്ല, വിത്തുണ്ടാകുന്നില്ല; പന്നെങ്ങനെയാണ് പുതിയ തലമുറ പിറക്കുന്നത്? വാഴക്കന്നുകളാണ് വാഴയുടെ കുട്ടികൾ. അവ വാഴയുടെ കാണ്ഡത്തിൽ നിന്ന് പൊട്ടിമുളയ്ക്കുകയാണ്. പ്രകൃതിയിലെ സവിശേഷമായ വംശവർധനരീതിയാണ് ഇത്.

ഏത് വേനലിലും വാഴയ്ക്ക് പച്ച ഇലകൾ കാണാം. നല്ല വലിപ്പത്തിൽത്തന്നെ. പഴുത്ത് ഉണങ്ങാറായ ഇലകൾ ചുളിഞ്ഞ് ഒടിഞ്ഞ് തൂങ്ങുന്നതായി കണ്ടിട്ടില്ലേ? അതെന്താ കൊഴിഞ്ഞ് പോകാത്തത്? വാഴത്തടയ്ക്ക് ചുറ്റും ഒരു പുതപ്പ് പോലെ തൂങ്ങിക്കിടക്കും. അമ്മച്ചെടിയെ ചൂടിൽ നിന്ന് രക്ഷിക്കാനും ജലനഷ്ടം തടയാനുമാണ് ഈ സൂത്രം. മരിച്ചുണങ്ങിയിട്ടും നഷ്ടപ്പെടാത്ത, അമ്മയോടുള്ള സ്നേഹം, ല്ലേ!

വാഴയുടെ ശാസ്ത്രനാമം : മ്യൂസ പരാഡിസിയക്ക (Musa paradisiaca)

ചില വാഴക്കാര്യങ്ങൾ കൂട്ടുകാർ കണ്ടെത്തൂ: വാഴകൾ എത്രവിധം? പേര് അന്വേഷിക്കൂ. വാഴയുടെ ഉപയോഗം എന്തൊക്കെയാണെന്നും കണ്ടെത്തൂ.

പദപ്രശ്നം പൂരിപ്പിച്ച് പേരും വിലാസവും എഴുതിയശേഷം ഫോട്ടോ എടുത്ത് ടെലഗ്രാം/ വാട്സപ്പ്/അയയ്ക്കുക (ഏതെങ്കിലും ഒന്നിലയച്ചാൽ മതി).

: 9497172919




## 5 പേർക്ക് സമ്മാനങ്ങൾ...

**പദപ്രശ്നം കിട്ടേണ്ട അവസാന തീയ്യതി : ജൂൺ 25, 2020**

## താഴോട്ട്

1. ഏഴ്നിറങ്ങളും തെളിയും ഇതിൽ. പ്രകാശത്തിന്റെ അത്ഭുതനാടകം തരുന്നതാണ്.
2. ഈ കാലഘട്ടത്തിലെ ഏറ്റവും ശക്തമായ കലാരൂപം, മാധ്യമം...
5. ഇതൊരളവാണ്; അൽപ്പം എന്നു കരുതിക്കോളൂ. നെല്ലിന്റെ വലിപ്പം എന്നു വിചാരിച്ചോളൂ.
6. സ്നേഹം പകരാൻ ഇതാവാം.
7. ആനയും ആനയുടെ നിറവും ഇതാണ്.

## വലത്തോട്ട്


2. ഇത് പുഴയോ പുഴയിലെ ചങ്ങാടമോ അല്ല. നമ്മുടെ ഒരു കവിയാണ്.
3. സൂര്യവെളിച്ചവും പച്ചപ്പും കൊണ്ട് ജീവജാലങ്ങൾക്ക് ആഹാരം പാകംചെയ്യുന്നു.
4. വ്യക്തിയായാലും വസ്തുവായാലും അതിന്റെ മൂല്യം ഇതാണ്.
5. അരിയാഹാരം കഴിക്കുന്ന നമ്മൾ അരി തരുന്ന ധാന്യത്തെ അറിയണ്ടേ?
6. കാറ്റൂതി, കനലൊരുക്കി ലോഹങ്ങൾ ഉരുക്കുന്നത് ഇവിടെ.
7. സമുദ്രത്തെ കടലെന്നു വിളിച്ചാൽ പോര. ഇങ്ങനെ വിളിക്കണം, പലർക്കും

ഇത്രയും ഭാഗം ഫോട്ടോ എടുക്കുക

ഇത്രയും ഭാഗം ഫോട്ടോ എടുക്കുക

ഇത്രയും ഭാഗം ഫോട്ടോ എടുക്കുക

**6/ 2020**




പേര് : ..................................................................

ക്ലാസ് :................................................................

സ്കൂൾ വിലാസം :........................................

..................................................................

പോസ്റ്റ് :...............................................................

ജില്ല :.................................................................

ഫോൺ :............................................................

ഇത്രയും ഭാഗം ഫോട്ടോ എടുക്കുക

# തീ



**വിജീഷ് പരവരി**

ചിത്രീകരണം: രാജീവ് എൻ ടി

റാം ഒരു വിജനമായ കുന്നിൻചരിവിലൂടെ നടക്കുന്നു.
പെട്ടെന്ന്..... ഭിംഭോം....
മുന്നിലതാ "ചോട്ടാ.. ഭീം..."
രണ്ടുകൈയ്യും വിടർത്തി ചോട്ടാ ഭീം ചോദിച്ചു:
"റാമിനെന്ത് വരമാണ് വേണ്ടത്.."
അവൻ കുറച്ച് സമയം ആലോചിച്ചു. പിന്നെ പറഞ്ഞു
"എന്റെ നാട്ടിൽ തീയുണ്ടാകരുതേ..."
ചോട്ടാ ഭീം ഞെട്ടി. ഞെട്ടൽ പുറത്തു കാട്ടാതെ ചോദിച്ചു:
"തീയില്ലാതായാൽ എന്താ ഗുണം...?"
"കൊല്ലൻ കണാരേട്ടൻ ആല തൊറക്കൂല..."
"അതുകൊണ്ടെന്താണ്...?"
"പോക്കര് കാക്ക മഴു കാച്ചൂല.."
"അതുകൊണ്ടെന്താണ്...?"
"അയൽപ്പക്കത്തെ നാട്ടുമാവ് മുറിക്കൂല..."
"അതുകൊണ്ടെന്താണ്...?"
"അതിന്റെ തുഞ്ചത്ത് ഒരു കിളിക്കൂടുണ്ട്..."
"ശരി അങ്ങിനെയാവട്ടെ... ഭിംഭോം..."
അനന്തരം റാംനാട്ടിൽ തീയില്ലാതായി....

ഞെട്ടിയുണർന്ന റാം അടുക്കളയിലേക്കോടി.. അവിടെ അമ്മ അടുപ്പത്ത് പത്തിരി ചുടുന്നതു കണ്ട് ആശ്വസിച്ചു.

"എന്താ മോനേ..."

റാമിന്റെ ധൃതി കണ്ട് അമ്മ ചോദിച്ചു.

"ഒന്നുല്ലമ്മേ.. ഞാനൊന്ന് പേടിച്ചു പോയി."

പിന്നീടവൻ നാട്ടുമാവ് ലക്ഷ്യമാക്കി ഓടി.

✷



**മൂന്നുഭാഗം വനവും ഒരു ഭാഗം പുഴയും അതിരിടുന്ന ഗ്രാമമാണ് വയനാട് ജില്ലയിലെ ബാവലി. ഇവിടുത്തുകാരുടെ ഏക ആശ്രയമാണ് ബാവലി യു പി സ്കൂൾ. ഇരുന്നൂറിനടുത്ത് വിദ്യാർഥികളാണ് ബാവലി സ്കൂളിൽ പഠിക്കുന്നത്. ഇതിൽ പകുതിയിലധികം ആദിവാസി വിഭാഗത്തിൽപ്പെട്ട വിദ്യാർഥികളാണ്. ഇതിൽ തന്നെ മാതൃഭാഷ കന്നഡയായ കുറച്ചു പേരുമുണ്ട്. ബാവലി സ്കൂളിൽ ആന എത്തിയ സംഭവത്തെ മുൻനിർത്തിയുള്ള രണ്ട് കഥകൾ വായിക്കൂ.**

# സ്നേഹപൂർവം



**പി.വി. സന്തോഷ്**

ചിത്രീകരണം: രാജീവ് എൻ ടി

നിങ്ങളെന്നെ മുറിഞ്ഞവാലൻ എന്നാ വിളിക്കുന്നതെന്നറിയാം.

നിങ്ങളങ്ങനെ വിളിക്കുന്നതെനിക്കിഷ്ടവുമാണ്.

പ്രീ-പ്രൈമറിയിലേയും ഒന്നാം ക്ലാസിലെയും കൊച്ചുകുട്ടുകാരുടെ കൊഞ്ചിക്കൊണ്ടുള്ള മുറിഞ്ഞവാലാ എന്ന വിളി കേൾക്കാൻ എന്ത് രസാ...

പക്ഷേ, നിങ്ങടെ പെൻസിൽകൊമ്പാ എന്ന വിളിയുണ്ടല്ലോ- അത് എനിക്ക് തീരെ രസിക്കണില്ലാട്ടോ

എന്താ... നിങ്ങടെ പെൻസില് പോലെയാ എന്റെ കൊമ്പ്?

നിങ്ങടെ പെൻസില് നീണ്ട് മെലിഞ്ഞിട്ടല്ലേ?

കരയിലെ ഏറ്റവും വലിയ ജീവിയാ ഞങ്ങളെന്ന് നിങ്ങള് പഠിക്കുന്നതാണല്ലോ?

പിന്നെന്താ നിങ്ങളങ്ങനെ വിളിക്കുന്നത്.


ഇത്തിരിപ്പോന്ന പെൻസില് പോലാ എന്റെ കൊമ്പ് എന്നു പറയുന്നത് കഷ്ടമാണ് കേട്ടോ.

ആ... കുട്ടികളെന്തു വിളിച്ചാലും എനിക്കിഷ്ടാ...

നിങ്ങളെന്തുവേണേലും വിളിച്ചോ...

പിന്നെ... നിങ്ങടെ വല്യ ആളുകള് എന്നോടും ഞങ്ങടെ കുടുംബത്തോടും ചെയ്യുന്നതൊക്കെ നിങ്ങളറിയണം. അവരോട് പറയണേ ഞങ്ങൾക്ക് കൂടി ജീവിക്കാനുള്ളതാ ഈ ഭൂമി എന്ന്... ഞങ്ങൾക്ക് മാത്രമല്ല കാട്ടില് ജീവിക്കുന്ന എല്ലാർക്കും.

ഞങ്ങടെ അപ്പനപ്പൂപ്പൻമാരും അമ്മൂമ്മമാരും തലമുറ തലമുറകളായി കളിച്ചുനടന്ന സ്ഥലമാ ഇത്.





ആടിയും പാടിയും കളിച്ചും രസിച്ചും തിന്നും കുടിച്ചും ജീവിച്ച സ്ഥലാ ഇത്.

നിങ്ങടെ ആൾക്കാര് ഇവിടെ വന്ന് ആദ്യം കുറച്ച് കുടിലുകള് വെച്ചപ്പോൾ ഞങ്ങള് വിശ്വസിച്ചു, കൂട്ടിനു ആളായല്ലോ എന്ന്. വെള്ളം കുടിക്കുന്ന കയങ്ങളെല്ലാം മണ്ണിട്ട് നികത്താനും മരങ്ങൾ മുറിക്കാനും തുടങ്ങിയപ്പോൾ ഞങ്ങൾക്ക് പേടിയായി.

പിന്നെ പിന്നെ വലിയ വലിയ കെട്ടിടങ്ങൾ... കാട് തോട്ടങ്ങളായി... ഇപ്പോഴിതാ വേലിക്കെട്ടുകളും... ഇനി ഇന്നലത്തെക്കാര്യം പറയാം.

ഇല്ലിക്കൂട്ടങ്ങൾ ഞങ്ങളുടെ സദ്യയാണെന്ന് നിങ്ങൾക്കറിയാമല്ലോ. നിങ്ങടെ ശാസ്ത്രകൂടാരത്തിനു മുമ്പിലെ ഇല്ലിക്കൂട്ടം ഞാനും കൂട്ടുകാരും വന്ന് തിന്നത് നിങ്ങൾ ഓർക്കുന്നുണ്ടാവും.

നിങ്ങള് പേടിക്കണ്ട എന്ന് വിചാരിച്ച് രാത്രിയിലാ വന്നത്.

നിങ്ങടെ പള്ളിക്കൂടത്തിനടുത്ത വളപ്പിലെ ഇല്ലി തിന്നാൻ ഞാനും കൂട്ടരും ഇടയ്ക്കിടയ്ക്ക് വരാറുണ്ട്. ഇന്നലെ രാത്രിയും വന്നു.

ഏകദേശം പത്ത് മണിയായിക്കാണും. അവളും കൂടെ ഉണ്ടായിരുന്നു. ആദ്യം ഞാനാ തുമ്പി ഉയർത്തിയത്... ഇല്ലിക്കൂട്ടത്തിൽ പിടിച്ചതേ ഓർമയുള്ളൂ...

ഒരു വിറയൽ... തുടർച്ചയായ മിന്നൽ... തല തൊട്ട് കാല് വരെ. കാല് വിറയ്ക്കുന്നു... അലറിക്കരഞ്ഞു ഞാൻ.

പിന്നെ ഒന്നും നോക്കിയില്ല... ഒറ്റച്ചാട്ടം നിങ്ങടെ പള്ളിക്കൂട വളപ്പിലേക്ക്... പിന്നാലെ അവളും ഉണ്ട് അലറിക്കരഞ്ഞുകൊണ്ട്.

പുതിയ പുതിയ കെട്ടിടങ്ങൾ സ്കൂളിലുയരുന്നത് ഞാനന്നാ കണ്ടത്.  ആവുന്നത്ര മേല് ചുരുക്കിയാ ഞങ്ങളോടിയത്... നിങ്ങടെ ക്ലാസ്മുറികൾക്കും ഭക്ഷണപ്പുരയ്ക്കും അടുക്കളയ്ക്കും ശാസ്ത്രകൂടാരത്തിനും ഗണിതമൂലയ്ക്കും മൂത്രപ്പുരകൾക്കും ഒരു കോട്ടവും വരരുതേ എന്നായിരുന്നു ഞങ്ങൾക്ക്.


എങ്ങനേയും പുറത്ത് കടക്കണമല്ലോ... സ്കൂളിന് പിറകിലേക്കാ ഞങ്ങളോടിയത്. അപ്പോഴതാ മുമ്പിൽ ഒരു ചുറ്റുമതിൽ. അതിനൊരു ഗേറ്റും... പുതിയതാണല്ലേ?

ഒന്നും നോക്കിയില്ല... ഒറ്റച്ചവിട്ട്... ഗേറ്റ് പൊട്ടിതവിട്ടുപൊടിയായി.

തീരെ വയ്യാതായപ്പോഴാ ചവിട്ടിയത്...

പൊറുക്കുമല്ലോ?

സ്നേഹപൂർവം,
**നിങ്ങടെ മുറിഞ്ഞവാലൻ**



# കൊമ്പൻ



**സി.എം. മുരളീധരൻ**

ചിത്രീകരണം: രാജീവ് എൻ ടി

"തകർക്കും ഞാൻ; തച്ചുതകർക്കും. എല്ലാം തകർക്കും. അതിനുള്ള ശക്തിയൊക്കെ എനിക്കുണ്ട്. നിങ്ങളെന്താ കരുതിയത്? ഇതൊന്നും ഇങ്ങനെ വളം വച്ച് വലുതാക്കാനുള്ളതല്ല. കുറേക്കാലമായി ക്ഷമിക്കുന്നു. രണ്ടിലൊന്ന് അറിഞ്ഞേ ഈ മതംഗജൻ പുറകോട്ടുള്ളൂ. ധൈര്യമുള്ളവരുണ്ടെങ്കിൽ വാ. നേരിട്ട് വാ. നിങ്ങടെ പൂതി ഞാ നിന്ന് മാറ്റിത്തരും." അവന്റെ ഓരോ കാലടിയിലും ഭൂമി ഞെട്ടിവിറച്ചു.

പുറകിൽ നിന്ന് ചേച്ചിയും അനിയനും സമാധാനിപ്പിക്കാൻ നോക്കി. "ഗജാ നീ അടങ്ങ്. നമുക്ക് വഴിയുണ്ടാക്കാം. ഇനി കണ്ണിക്കണ്ടതെല്ലാം തല്ലിപ്പൊളിക്കാൻ നിക്കണ്ട. നീ അടങ്ങ്..."

"നിങ്ങളാരോട് ക്ഷമിക്കാനാ പറയുന്നത് ", അവൻ കുതറി. "നമ്മളെ ഷോക്കടിപ്പിച്ച് കൊല്ലാനാ അവർ നോക്കിയത്. കണ്ടോ നമ്മുടെ ചങ്ങാതി വിറങ്ങലിച്ച് കരുവാളിച്ച് നിൽക്കുന്നത്. അവന്റെ ദേഹത്ത് വലിയ തോതിൽ പൊള്ളലേറ്റിരിക്കുന്നു. ഇനി അത് പഴുത്ത് വ്രണമാകും. എന്ത് കുറ്റത്തിന്? നമുക്ക് അവകാശപ്പെട്ട സ്ഥലത്ത് സഞ്ചരിക്കാൻ ശ്രമിച്ചതിനോ. വിശപ്പടക്കാൻ ആഹാരം തേടി നടന്നതിനോ? നമ്മുടെ സ്ഥലം കയ്യേറി കമ്പിവേലി കെട്ടി സ്വന്തമാക്കി കെട്ടിടങ്ങളുണ്ടാക്കിയതും പോര, അതിനടുത്തുകൂടി വഴി നടക്കാനും സമ്മതിക്കില്ലെന്നോ. വേലിയിലൂടെ കറന്റ് പായിക്കുന്നത് എന്തൊരു മര്യാദയാണ്?"

പെട്ടെന്നാണ് അപ്പുറത്തുള്ള സ്കൂളിന്റെ ഗേറ്റ് അവൻ കണ്ടത്. ഒരു നിമിഷവും വൈകിയില്ല. കുതിച്ചു ചെന്ന് ഗേറ്റിന്റെ മുകൾ ഭാഗത്ത് പിടിച്ച് ഒരൊറ്റ വലി. അത് അവന്റെ കൂടെപ്പോന്നു. നിലത്തിട്ട് ഒരു കാൽ കൊണ്ട് ചവിട്ടിപ്പിടിച്ചു. മറുഭാഗം മുന്നിലേക്ക് വളച്ചു. എന്നിട്ട് തൂക്കിപ്പിടിച്ച് ഒരേറ് കൊടുത്തു.

സ്കൂളിന്റെ മുന്നിൽ തൂക്കിയ ബോർഡ് എത്തിപ്പിടിക്കാൻ നോക്കുമ്പോഴാണ് അത് കണ്ടത്. ക്ലാസിന്റെ മൂലയിൽ പേടിച്ച് വിറച്ച് നിൽക്കുന്ന അഞ്ചെട്ട് കുട്ടികൾ.

ഒരു നിമിഷം ശങ്കിച്ചു നിന്നു. ഞങ്ങളെ ഒന്നും ചെയ്യല്ലേ എന്ന് ദയനീയമായി അപേക്ഷിക്കുന്ന കുട്ടികൾ. അനങ്ങാതെ അങ്ങോട്ട് തന്നെ നോക്കി. വിറയ്ക്കുന്ന കൈകളിൽ ഒന്ന് മുന്നിലേക്ക് നീളുന്നു. ഇത്തിരിപ്പോന്ന ഒരു പെൻസിൽ കഷണമാണ് ആ കൈകളിൽ. മറ്റേ കയ്യിൽ, തുമ്പിക്കൈ ഉയർത്തി ക്രുദ്ധനായി നിൽക്കുന്ന തന്റെ ചിത്രവുമുണ്ട്. അവൻ വരച്ച ചിത്രം. പതുക്കെ കുട്ടിയുടെ പേടി നിറഞ്ഞ കണ്ണുകളിൽ ഒരു പുഞ്ചിരി വിടർന്നു. ആ പുഞ്ചിരി മറ്റുള്ളവരുടെ കണ്ണുകളിലേക്കും പടരുന്നു.

കുഞ്ഞിക്കണ്ണുകളിലെ വെളിച്ചം ആനക്കണ്ണുകളിൽ പ്രതിഫലിച്ചു. അവൻ പതുക്കെ തിരിഞ്ഞു നടന്നു.



# ഒരുദിവസം ഒരാന

**കാട്ടാനകളെക്കുറിച്ച് അറിഞ്ഞില്ലേ. ഇനി നാട്ടിലുള്ള ആനയെക്കുറിച്ചാവാം. ഒരു ദിവസം ഒരു നാട്ടാന മനുഷ്യരിൽനിന്ന് എന്തൊക്കെ സഹിക്കണം?**

**നിങ്ങൾ അതേക്കുറിച്ച് ഓർത്തിട്ടുണ്ടോ?**

**ഉത്സവ കാലമാണെങ്കിൽ പറയുകയും വേണ്ട. ഇവിടെ ഇതാ, ആനയുടെ ഒരു ദിവസത്തെക്കുറിച്ചുള്ള ഒരു കൊച്ചു തിരക്കഥ. ഇതിന്റെ അവസാനഭാഗം നിങ്ങളാണ് എഴുതേണ്ടത്. വായിക്കൂ. തിരക്കഥാ മത്സരത്തിൽ പങ്കെടുക്കൂ.**

## സീൻ 1

കറുകറുത്താന. കറുകറുത്ത നിരത്ത്.

വെയിലും ചുട്ടുപൊള്ളുന്ന ചൂടും.

ആനയെ നട്ടുച്ചയ്ക്ക് നടത്തിക്കൊണ്ടുപോവുകയാണ്. തുമ്പിക്കയ്യിൽ കഴിക്കാനുള്ള പനമ്പട്ടയുമുണ്ട്.

## സീൻ 2

പനമ്പട്ട മുഴുവനും തിന്നുതീർക്കാൻ ആനയ്ക്ക് സമയം കൊടുത്തില്ല. അതിനുമുമ്പെ നെറ്റിപ്പട്ടം കെട്ടി.

തിടമ്പേറ്റി. ആളും മേലെക്കയറിക്കൂടി. വെഞ്ചാമരം വീശി.

ചെണ്ടകൊട്ടും പീപ്പിവിളിയും ആർപ്പുവിളികളും.

ശബ്ദം കൊണ്ടും പൊടിപടലംകൊണ്ടും ആന നട്ടംതിരിഞ്ഞു.

## സീൻ 3

ആൾക്കൂട്ടം ഇളകിമറിഞ്ഞു.

കതിനവെടികൾ പൊട്ടി.

ആനയ്ക്ക് വല്ലാത്ത ക്ഷീണം പോലെ.

നടക്കാനേ തോന്നുന്നില്ല. ദാഹിക്കുന്നുമുണ്ട്.

അപ്പോഴതാ ചുറ്റും മറ്റ് ആനകൾ വന്ന് നിരന്നു നിൽക്കുന്നു.

"നടക്കാനേ..." ഒന്നാം പാപ്പാൻ തോട്ടികൊണ്ട് ഒറ്റക്കുത്ത്.

ആനയുടെ പ്രാണൻ പോയി.

## സീൻ 4

-----

-----

നാലാമത്തെ സീൻ (വേണമെങ്കിൽ അഞ്ചാമത്തെയും) നിങ്ങൾ എഴുതിച്ചേർക്കൂ. എന്നിട്ട് അയച്ചുതരൂ. മികച്ച സീൻ നമുക്ക് ചിത്രസഹിതം പ്രസിദ്ധീകരിക്കാം.

വാട്സ് ആപ്പ് നമ്പർ: 9497172919

ലഭിക്കേണ്ട അവസാന തീയതി : ജൂൺ 25

# വായനയ്ക്ക് അവധി വേണ്ട



**ഇ എൻ ഷീജ**

ചിത്രീകരണം: കെ.സതീഷ്

പുസ്തകങ്ങളിൽ എന്തൊക്കെയുണ്ട്?
പുസ്തകങ്ങളിൽ വിസ്മയമുണ്ട്
പുസ്തകങ്ങളിൽ എന്തൊക്കെയുണ്ട്?
പുസ്തകങ്ങളിൽ ആനന്ദമുണ്ട്.
പുസ്തകങ്ങളിൽ വിജ്ഞാനമുണ്ട്.
പുസ്തകങ്ങളിൽ എന്തൊക്കെയുണ്ട്?
പുസ്തകങ്ങളിൽ ആനന്ദമേകും എത്രയെത്ര കഥകളുണ്ടെന്നോ!!

എൻ.വി.കൃഷ്ണവാര്യരുടെ 'പുസ്തകങ്ങൾ ' എന്ന കവിതയിലെ ചില വരികളാണിത്. പുസ്തകങ്ങളെക്കുറിച്ച് കവി പറഞ്ഞത് എത്ര ശരിയാണ്. കാണാത്ത ലോകങ്ങൾ കാണിച്ചുതരുന്ന ചങ്ങാതിമാരാണ് പുസ്തകങ്ങൾ! നമ്മളെ സ്വപ്നം കാണാൻ പഠിപ്പിക്കുന്ന ചങ്ങാതിമാർ. ചിറകുവിരുത്തി പറക്കാൻ പഠിപ്പിക്കുന്ന ചങ്ങാതിമാർ. അവധിക്കാലം ചങ്ങാതിമാർക്കൊപ്പം കളിച്ചും ചിരിച്ചും നടക്കാനാണല്ലോ എല്ലാർക്കും ഇഷ്ടം. അല്ലാ, നമുക്ക് ഈ ലോക് ഡൗൺ കാലത്തെ പുസ്തകക്കാലമാക്കിയാലോ?

പുസ്തകങ്ങൾ വായിച്ചു വായിച്ചു വായിച്ചു പോയാൽ മാത്രം മതിയോ? വായനാനുഭവങ്ങൾ പങ്കുവെയ്ക്കണ്ടേ? പുസ്തകങ്ങൾ പകർന്നു തരുന്ന അനുഭൂതികൾ വ്യത്യസ്ത തരത്തിൽ ആവിഷ്ക്കരിക്കണ്ടേ? അതെങ്ങനെയൊക്കെയാവാം?

ആദ്യമായി ഒരു വലിയ നോട്ടുപുസ്തകം സംഘടിപ്പിക്കണം. വായനയുമായി ബന്ധപ്പെട്ട എല്ലാം – ചിന്തകൾ, കുറിപ്പുകൾ, വരകൾ – എല്ലാമെല്ലാം കുറിച്ചു വയ്ക്കാനുള്ള പുസ്തകമാണിത്.

ഒരു കഥയോ നോവലോ ഒക്കെ വായിക്കുമ്പോൾ, ചില കഥാപാത്രങ്ങളെ ആഴത്തിൽ അറിയുമ്പോൾ നമുക്കവരോട് പലതും പറയാൻ തോന്നാറില്ലേ? അവർക്ക് നമ്മളോടും ചിലതൊക്കെ പറയാനുണ്ടാവില്ലേ? നമുക്ക് അവരുമായൊന്ന് സംസാരിച്ചു നോക്കിയാലോ? ഒരു സാങ്കൽപ്പിക സംഭാഷണം. ഇനി അവർക്കൊരു കത്തയക്കാനാണ് നിങ്ങൾക്കു തോന്നുന്നതെങ്കിൽ കത്തയച്ചോളൂ.. അല്ലെങ്കിൽ, ഇ –മെയിൽ അയച്ചോളൂ..

ഈ അടച്ചിരിപ്പുകാലം ഒരു സിനിമാക്കാലം ആക്കിയാലോ? നമുക്കും ഒരു സിനിമ പിടിച്ചാലോ? ഒരു കുഞ്ഞു സിനിമ – ഷോർട്ട് ഫിലിം. വായിച്ച ഏതെങ്കിലും പുസ്തകങ്ങളിൽ നിന്ന് ആശയങ്ങൾ സ്വീകരിക്കാം – സ്ക്രിപ്റ്റ് തയ്യാറാക്കാം – മൊബൈൽ ക്യാമറ ഉപയോഗിച്ച് ഒറ്റയ്ക്കോ കൂട്ടുകാരുടെ സഹായത്തോടെയോ ഷോർട്ട് ഫിലിം തയ്യാറാക്കൂ..

സിനിമകൾ കാണുമ്പോൾ അതിനു പിന്നിൽ പ്രവർത്തിച്ചവരെക്കൂടി നമ്മൾ ശ്രദ്ധിക്കാറുണ്ട്. കഥ, തിരക്കഥ, സംഭാഷണം തുടങ്ങി പലതും. ചെമ്മീൻ എന്ന സിനിമ കണ്ടിട്ടില്ലേ? തകഴിയുടെ പ്രശസ്തമായ നോവൽ അതേ പേരിൽ സിനിമയാക്കിയത് രാമു കാര്യാട്ടാണ്. ബഷീറിന്റെ നീലവെളിച്ചം എന്ന കഥയാണ് 'ഭാർഗവീ നിലയം' എന്ന സിനിമയായത്. എത്രയെത്ര സാഹിത്യ കൃതികളാണെന്നോ ഇതുപോലെ സിനിമയായിട്ടുള്ളത്. അതേ പേരിലും അല്ലാതെയുമായി.

എങ്കിൽ നമുക്കൊരു സിനിമാ ഗവേഷണം കൂടി നടത്തിയാലോ? സിനിമകളായി മാറിയ സാഹിത്യ കൃതികളെക്കുറിച്ചൊരു ഗവേഷണം. സാഹിത്യ കൃതി – അത് ഏത് വിഭാഗത്തിൽ പെടുന്നു (കഥ/ കവിത / നോവൽ) – സംവിധാനം –തിരക്കഥ – പേര് തുടങ്ങി ഏറെ കാര്യങ്ങൾ




നമുക്ക് കണ്ടെത്തിക്കൂടേ? പറ്റുമെങ്കിൽ ഈ സാഹിത്യകൃതികൾ വായിക്കാനും ബന്ധപ്പെട്ട സിനിമകൾ കാണാനും ശ്രമിക്കൂ.. പ്രസ്തുത സിനിമ മൂലകൃതിയോട് എത്രത്തോളം ചേർന്നു നിൽക്കുന്നുണ്ട് എന്ന് വിശകലനം ചെയ്യുകയും ആവാമല്ലോ..

കഥ കേൾക്കാൻ ഇഷ്ടമില്ലാത്തവരായി ആരുമില്ലല്ലോ. എന്നാൽ കഥ കേട്ടോളൂ.. നിങ്ങളുടെ നാട്ടിൽ തന്നെ എത്ര കഥകൾ കറങ്ങിത്തിരിഞ്ഞു നടപ്പുണ്ട്. നാടോടിക്കഥകൾ, മുത്തശ്ശിക്കഥകൾ, പുരാണ കഥകൾ, നിങ്ങളുടെ നാടുമായി ബന്ധപ്പെട്ട കഥകൾ... അങ്ങനെയങ്ങനെ ഒട്ടേറെ കഥകൾ. എനിക്കാരാ കഥ പറഞ്ഞു തരാനുള്ളത്.. വീട്ടിൽ മുത്തശ്ശനും മുത്തശ്ശിയുമൊന്നുമില്ലല്ലോ എന്നു സങ്കടപ്പെട്ടിരിക്കുകയൊന്നും വേണ്ട. അയൽപ്പക്കത്തോ കൂട്ടുകാരുടെ വീടുകളിലോ ഒക്കെ അമ്മമ്മമാരുണ്ടാവും.. അച്ഛച്ഛൻമാരുണ്ടാവും. മുത്തശ്ശിമാരും മുത്തശ്ശൻമാരുമുണ്ടാവും. അവരോടൊക്കെ ഫോണിലൂടെ നമുക്ക് ചോദിക്കാമല്ലോ. (സന്ദർശിക്കുന്നതിനല്ലേ ഇപ്പോൾ വിലക്കുള്ളൂ.) ഇങ്ങനെ കേൾക്കുന്ന കഥകൾ എഴുതി വയ്ക്കാം. നാട്ടുകഥാ പതിപ്പ് തയ്യാറാക്കാം.

അങ്ങനെ ഈ ലോക്ഡൗൺ കാലം പൂർണമായും നമുക്ക് പുസ്തക ദിനങ്ങളാക്കാം.. കുറിപ്പുകളും ചിത്രങ്ങളും യുറീക്കയ്ക്ക് മെയിൽ ചെയ്യാം. അല്ലെങ്കിൽ വാട്സ് ആപ്പ് ചെയ്യാം. ഷോർട്ട് ഫിലിമും യുറീക്കയ്ക്ക് അയക്കണം. അപ്പോൾ ഒരുങ്ങിക്കോളൂ..

## വരിക്കാരോട്

**ലോ**ക്ഡൗൺ കാലത്ത് ഏപ്രിൽ 16 മുതൽ ജൂൺ 1 വരെയുള്ള നാല് ലക്കങ്ങളാണ് പ്രസിദ്ധീകരിക്കാൻ കഴിയാതെ പോയത്. വായനക്കാർക്ക് അവരുടെ വരിസംഖ്യാ കാലാവധി തീരുമ്പോൾ നാല് ലക്കങ്ങൾ കൂടി ലഭിക്കും.



# വില്ല്യം ഷേക്സ്പിയർ



ഷൈല സി ജോർജ്

അറുപത് – മുകളിൽ കാണുന്ന ചിത്രത്തിലുള്ളവരെ എണ്ണി നോക്കിയാൽ കിട്ടുന്ന സംഖ്യ. ഈ അറുപത് പേർ ആരാണ്? കൂട്ടത്തിലെ ചെറിയ കറുത്ത തൊപ്പി വെച്ച തടിച്ച ആളെ നോക്കൂ. പതിനാറാം നൂറ്റാണ്ടിൽ ഇംഗ്ലണ്ട് ഭരിച്ച ഹെൻട്രി 8 എന്ന രാജാവ് ആണത്.

ഈ ചിത്രം വരച്ചത് പത്തൊൻപതാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന ജോൺ ഗിൽബെർട്ട് എന്ന ചിത്രകാരനാണ്. ഇതിന് ഒരു പ്രത്യേകതയുണ്ട്. ഹെൻട്രി എട്ട് രാജാവ് അടക്കം ഇതിലുള്ളവരെല്ലാം ഷേക്സ്പിയർ രചിച്ച നാടകങ്ങളിലെ കഥാപാത്രങ്ങൾ ആണ്.

ഇംഗ്ലീഷ് സാഹിത്യത്തിലെ ഏറ്റവും പ്രധാനപ്പെട്ട എഴുത്തുകാരനാണ് നാനൂറ് കൊല്ലം മുൻപ് ജീവിച്ചിരുന്ന ഷേക്സ്പിയർ. ലോകസാഹിത്യത്തിലെ ഏറ്റവും വലിയ നാടകകൃത്തും.

ഷേക്സ്പിയറുടെ കാലത്ത് ജനിക്കുകയും ജീവിക്കുകയും ചെയ്ത പ്രസിദ്ധ നാടകകൃത്ത് ബെൻ ജോൺസൺ ഷേക്സ്പിയർക്ക് എഴുതിയ ചരമഗീതത്തിൽ ആരായിരുന്നു ഷേക്സ്പിയർ എന്ന് മനോഹരമായ ഭാഷയിൽ വിവരിച്ചിട്ടുണ്ട്. കാലഘട്ടത്തിന്റെ ആത്മാവ്, ആഹ്ലാദം, കയ്യടി, സ്റ്റേജിലെ വിസ്മയം എന്നിങ്ങനെയാണ് അദ്ദേഹത്തെ ഇതിൽ വിശേഷിപ്പിച്ചിട്ടുള്ളത്. എഴുതിയ കൃതികൾ

സ്മാരകമാകുമ്പോൾ ഷേക്സ്പിയറെ ഓർമിക്കാൻ എന്തിന് ഒരു ശവകുടീരം എന്നും ജോൺസൺ ചോദിക്കുന്നു. .

1564 – 1616 ആണ് ഷേക്സ്പിയറുടെ ജീവിതകാലം. സ്റ്റ്രാറ്റ്ഫോർഡ് അപോൺ ഏവൺ (Stratford Upon Avon) എന്ന സ്ഥലത്ത് ജനിച്ചു. ചുരുങ്ങിയ കാലം കൊണ്ട് മുപ്പത്തേഴ് നാടകങ്ങളും നൂറ്റി അൻപത്തിനാല് ഗീതകങ്ങളും രചിച്ചു. നാടകങ്ങൾ ലണ്ടനിലെ ഗ്ലോബ് എന്ന നാടകക്കൊട്ടകയിൽ ഓട്ടുകയും ചില നാടകങ്ങളിൽ ഷേക്സ്പിയർ തന്നെ വേഷമിടുകയും ചെയ്തു.

ഗീതകങ്ങൾ ഈണവും പ്രാസവുമുള്ള പതിനാലുവരിക്കവിതകൾ ആണ്. ഇറ്റലിയിൽ ഉടലെടുത്ത ഗീതകങ്ങൾ പിന്നീട് ഇംഗ്ലീഷ് സാഹിത്യത്തിലെ പേരുകേട്ട കവികളും എഴുതി. ദൈവങ്ങളെ അഭിസംബോധന ചെയ്തുകൊണ്ടുള്ളവയായിരുന്നു അവ. എന്നാൽ മനുഷ്യന്റെ വികാര വിചാരങ്ങളും അവസ്ഥകളും ആണ് ഷേക്സ്പിയർ സ്വന്തം ഗീതകങ്ങൾക്ക് വിഷയമാക്കിയത്.

രണ്ടായിരത്തോളം പുതിയ വാക്കുകളാണ് ഷേക്സ്പിയർ ഇംഗ്ലീഷ് ഭാഷയ്ക്ക് സംഭാവന ചെയ്തത്. ലഗ്ഗേജ്, സ്കൂൾകുട്ടി (school boy) എന്നീ വാക്കുകൾ അവയിൽ ചിലത് മാത്രം. 'മിന്നുന്നതെല്ലാം പൊന്നല്ല', 'വിഡ്ഢികളുടെ സ്വർഗം', 'പ്രേമത്തിന് കണ്ണില്ല' എന്നിങ്ങനെ നമുക്ക് പരിചയമുള്ള ശൈലികളും അദ്ദേഹത്തിന്റെ സംഭാവനയാണ്. ഇവയെല്ലാം സ്വന്തം കൃതികളിലെ സന്ദർഭങ്ങൾ വായനക്കാരന്റെ മനസ്സിൽ ആഞ്ഞു തറയ്ക്കുന്നതിന് വേണ്ടി അദ്ദേഹം ഉണ്ടാക്കിയെടുത്തതാണ്.

ലോകം മുഴുവനും ഷേക്സ്പിയർ ഉത്സവങ്ങൾ നടത്താറുണ്ട്. നാടകങ്ങൾ അവതരിപ്പിക്കാറുണ്ട്. ലോകം ഉള്ളിടത്തോളം കാലം ഷേക്സ്പിയർ കൃതികൾ ആസ്വാദകരുടെ ജീവിതം മഹത്തരമാക്കിക്കൊണ്ടിരിക്കും.



# എവിടെ നിന്നെന്ന് പറയാമോ?

വാട്സ് ആപ്പ് നമ്പർ :
9497172919

പ്രശസ്തമായ ഒരു പുസ്തകത്തിൽ നിന്നാണ് താഴെ കൊടുത്ത ഭാഗം.
പുസ്തകമേതെന്നും എഴുതിയത് ആരെന്നും പറയാമോ?
നിങ്ങളുടെ ഉത്തരം വാട്സ് ആപ്പിൽ അയയ്ക്കൂ. പേര്, സ്കൂൾ വിലാസം, ഫോൺ നമ്പർ
എന്നിവ ഉത്തരത്തോടൊപ്പം മെസേജിൽ ഉൾപ്പെടുത്തണം.
ജൂൺ 25 നു മുമ്പായി ഉത്തരം ലഭിക്കണം.
ശരിയുത്തരമയക്കുന്നവരിൽ നിന്ന് നറുക്കെടുപ്പിലൂടെ രണ്ട് പേർക്ക് സമ്മാനം.



## എൽ പി കൂട്ടുകാർക്ക്

രസകരമായ ഏറെ കളികളും തമാശകളും അവർ തമ്മിൽ ഉണ്ടായിരുന്നു. അയാളുടെ മുന്നിലിരുന്ന്, ഊറി വരുന്ന ചിരിയൊതുക്കിപ്പിടിച്ച്, താഴെയിരിക്കുന്ന ഭീമാകാരനെ നോക്കി ഗൗരവത്തോടെ അവൾ ചോദിക്കും: കാബൂളിവാല, എന്താണ് നിന്റെ സഞ്ചിയിൽ? ഒരു ഗിരിവർഗക്കാരന്റെ ഉച്ചാരണശൈലിയിൽ അയാൾ മറുപടി പറയും : " ഒരു ആന." ഇത് വലിയ ഒരു തമാശയല്ലായിരിക്കാം. പക്ഷേ, അവരിരുവരും ഇത് എത്രമാത്രം ആസ്വദിക്കുന്നു !

## യു പി കൂട്ടുകാർക്ക്

അവസാനം എല്ലാം തയ്യാറായി. സാമാനമെല്ലാം കെട്ടി ശരിയാക്കി. കതകിന് ഇരട്ടപ്പൂട്ടിട്ടു. എലി വരാതിരിക്കാൻ അലമാരയിൽ നിന്നും റൊട്ടിയുടേയും ഗോതമ്പുമാവിന്റേയും മറ്റും അവശിഷ്ടങ്ങൾ തുടച്ചു മാറ്റി. അതിനു ശേഷം, പിറ്റേന്നു പുറപ്പെടുന്ന തീവണ്ടിക്കു ടിക്കറ്റു വാങ്ങാൻ വേണ്ടി അമ്മ റെയിൽവെ സ്റ്റേഷനിലേയ്ക്കു പോയി.

അമ്മ പോയ സമയത്ത് ചുക്കും ഗെക്കും വഴക്കു കൂടി. കഷ്ടം! ആ വഴക്ക് എന്തെല്ലാം വിനവരുത്തിവെയ്ക്കുമെന്നറിഞ്ഞിരുന്നെങ്കിൽ അവർ തീർച്ചയായും അന്ന് വഴക്കു കൂടുകയില്ലായിരുന്നു.

**കാഴ്ചപ്പുറം**

സുരഭിവചന

**ദിനാചരണം**



# കടലാമ


പ്രിയപ്പെട്ട കടലാമേ,

നിങ്ങളുടെ ജീവിതം അതീവ സാഹ
ഞ്ഞും വെളിച്ചത്തെ ലക്ഷ്യമാക്കി കടലി
ജീവികൾ പിടിച്ച് ഭക്ഷണമാക്കുമെന്ന്
ഈ കുഞ്ഞുങ്ങളെ പിടിക്കുന്നു. അല്ല, കട
നിങ്ങൾ ശ്വസിക്കുന്നത് അന്തരീക്ഷവാ
ളിലേക്ക് ഉയർത്തുമ്പോൾ അതാ... വരു
ളെ ആഹാരമാക്കുന്നു. കടൽജീവികൾ
കടലാമകൾ ജീവിക്കുന്നതെന്നറിയാം.
നിർത്തിയില്ലെങ്കിൽ നിങ്ങളിങ്ങോട്ടു വ
അതുകൊണ്ട് തന്നെയാണ് ജൂൺ 16
ത്തിൽപ്പോലും നിങ്ങൾക്ക് മുട്ടയിടാനായ
തും. പ്രിയ കടലാമേ... നിങ്ങൾക്കൊപ്പം

**പുതിയ വാർത്ത**

## ഇനി ഒരെണ്ണം മാത്രം

ഹായ്... വെള്ള ജിറാഫ്! ചിത്രം കണ്ടോ... സംഭവം ശരി തന്നെയാണ്. കെനിയയിലാണിവയുള്ളത്. അപൂർവങ്ങളിൽ അപൂർവമായ വെള്ള ജിറാഫുകളെ സംരക്ഷിക്കാനുള്ള നടപടികൾ അതിശക്തമായിരുന്നു. എന്നാൽ ലോകത്തെ ഞെട്ടിച്ചുകൊണ്ടുള്ള ഒരു വാർത്ത ഇതാ വന്നെത്തി. സായുധരായ നായാട്ടുകാർ, ലോകത്ത് മറ്റെവിടെയും കാണാത്ത വെള്ള ജിറാഫുകളിൽ അവശേഷിക്കുന്ന, പെൺജിറാഫിനെയും കുട്ടിയെയും വെടിവെച്ചുകൊന്നിരിക്കുന്നു. ഇനി ഒരു ആൺ ജിറാഫ് മാത്രമാണ് ബാക്കിയുള്ളത്. വന്യജീവി സംരക്ഷണകേന്ദ്രത്തിലായിരുന്നു ഇവയുടെ താമസം. അവിടെയും മനുഷ്യർ നുഴഞ്ഞു കയറി നായാട്ടു നടത്തുന്നത് സങ്കടകരം തന്നെയെന്ന് കെനിയൻ കൺസർവൻസ് അധികൃതർ പറഞ്ഞു. ലോകം എത്ര പുരോഗമിച്ചാലും ക്രൂരതയ്ക്ക് അയവുവരില്ലെന്ന് പല സംഭവങ്ങളും തെളിയിച്ചുകൊണ്ടേയിരിക്കുന്നു.



**അന്തരീക്ഷ മലിനീകരണം**

## കാർബൺ മോണോക്സൈഡ്

ജൈവവസ്തുക്കൾ കത്തുമ്പോൾ ഉണ്ടാവുന്ന ഒരു വിഷവാതകമാണ് കാർബൺ മോണോക്സൈഡ്. പ്രകൃതിവാതകം, തടി, കൽക്കരി തുടങ്ങിയവയൊക്കെ കത്തുമ്പോൾ കുറഞ്ഞും കൂടിയും ഇവ ഉണ്ടാവുന്നു. വാഹനങ്ങളിൽനിന്നുള്ള പുകയും ഇതുതന്നെ. നമ്മുടെ ശരീരത്തിലും കാർബൺ



മോണോക്സൈഡ് എത്തുന്നുണ്ട് അത് സിഗരറ്റ് പുക ശ്വസിക്കുന്നതിലൂടെയാണ്. വെറും 0.001 ശതമാനം കാർബൺ മോണോക്സൈഡ് അടങ്ങിയ വായു നമ്മൾ അധികനേരം ശ്വസിക്കുകയാണെന്ന് വിചാരിക്കുക. അപ്പോൾത്തന്നെ പ്രശ്നം വരും. തലകറക്കം മുതൽ മരണം വരെ സംഭവിക്കാം. കാർബൺ മോണോക്സൈഡ് രക്തത്തിലെ ഹീമോഗ്ലോബിനോട്, ദീർഘസമയം ചേർന്നുനിൽക്കുകയാണെങ്കിൽ രക്തത്തിലെ ഓക്സിജന്റെ വാഹകശേഷി കുറഞ്ഞുപോവും. ഇത് ചലനശേഷിയെയും ചിന്തയെയും കാഴ്ചയെയും ബാധിക്കും.

## ...ദിനം




...സമാണെന്നറിയാം. മുട്ട വിരിഞ്ഞ ഉടനെ ഓരോ കടലാമക്കു...
...ലേക്ക് ഓടും. ഓട്ടത്തിനിടയിൽ കടലാമക്കുഞ്ഞുങ്ങളെ എത്ര...
...പറയാൻ തന്നെ കഴിയില്ല. ഒപ്പം പലയിടങ്ങളിലും മനുഷ്യനും...
...ലാമേ... അവശേഷിക്കുന്ന കുഞ്ഞുങ്ങൾ കടലിലെത്തിയാലോ?
...യുവല്ലേ? അങ്ങനെ ശ്വസിക്കാനായി തല വെള്ളത്തിന് മുക...
...ന്നു പരുന്തുപോലെയുള്ള പക്ഷികൾ! അവയും ഈ കുഞ്ഞുങ്ങ...
...കടലിൽ വച്ചും ആഹാരമാക്കുന്നു. ഇതെല്ലാം അതിജീവിച്ചാണ്
... നിങ്ങൾ മുട്ടയിടാൻ വരുന്ന തീരം വൃത്തിയായി സംരക്ഷിച്ച്
...രികയില്ലെന്നും നിങ്ങളുടെ വംശമറ്റ് പോവുമെന്നുമറിയാം.
... ലോക കടലാമദിനമായി ആചരിക്കുന്നതും. കൊച്ചു കേരള...
...ി ഇടം ഒരുക്കിത്തരുന്നതും കടലാമ മുട്ടകൾ സംരക്ഷിക്കുന്ന
... ഒരുപറ്റം നല്ല മനുഷ്യർ ഉണ്ട്.




### ജലമലിനീകരണം

## കുപ്പിവെള്ളത്തിൽ...



കീടനാശിനിമൂലം കീടങ്ങൾക്കു മാത്രമല്ല മനുഷ്യനും മറ്റു ജീവികൾക്കും ദോഷമുണ്ടാകുമെന്ന് നിങ്ങൾക്കറിയാമല്ലോ. കീടനാശിനിയുടെ ഞെട്ടിക്കുന്ന ഒരു വിവരം അറിയുന്നത് 2002 ലാണ്. കുപ്പിയിലാക്കി വിൽക്കുന്ന വെള്ളത്തിൽ കീടനാശിനികളുടെ അംശം കണ്ടെത്തിയതോടെ അന്വേഷണം ആരംഭിച്ചു. അങ്ങനെയാണ്, ഭൂഗർഭജലത്തിലൂടെയാണ് ജലം മലിനപ്പെടുന്നതെന്ന് കണ്ടെത്തുന്നത്. കുപ്പിവെള്ളത്തിലെ കുറഞ്ഞ അളവിലുള്ള കീടനാശിനി സാന്നിധ്യം ഗുരുതരമായ പ്രത്യാഘാതങ്ങൾ ഉണ്ടാക്കുന്നില്ലെങ്കിലും കുറേക്കാലം കുറഞ്ഞ അളവിൽ കീടനാശിനി ഉള്ളിൽ ചെന്നാൽ കരളിനെയും വൃക്കയെയും ബാധിക്കും. കാൻസർ ഉണ്ടാക്കുകയും ചെയ്യും. കുട്ടികളിൽ ജന്മനാ ഉള്ള വൈകല്യങ്ങൾക്കും കാരണമാവുന്നു. കുപ്പിവെള്ളത്തിനു പുറമെ പ്രമുഖ ശീതള പാനീയങ്ങളിലും കീടനാശിനി ഭൂഗർഭജലത്തിലൂടെ കലർന്നിട്ടുണ്ടെന്ന് കണ്ടെത്തി. കുപ്പിവെള്ളവും കോളകളും കഴിക്കുമ്പോൾ അതിലടങ്ങിയ വെള്ളത്തെക്കുറിച്ച് ചിന്തിക്കണേ... അമിത കീടനാശിനിമൂലം ഭൂഗർഭജലവും മലിനപ്പെടുകയാണ്.



# ഷഫ്നയുടെ പാവക്കുട്ടി

**മിത്ര എം.കെ**
3 എ, പി കെ എം എ യു പി സ്കൂൾ, ചിറ്റിലഞ്ചേരി, പാലക്കാട്.

ചിത്രീകരണം: **ചാരു നൈനിക എ എൽ**
3 സി, സിൽവർ ഹിൽസ് എച്ച് എസ് എസ്, മേരിക്കുന്ന്, കോഴിക്കോട്.

ഷഫ്നയ്ക്ക് ഒരു ബൊമ്മയുണ്ട്. പച്ചയുടുപ്പിട്ട പാവ. ഷഫ്ന കിടക്കുമ്പോൾ അതിനെ ഒപ്പം വച്ച് കിടക്കും.

കുറെ വർഷങ്ങൾക്കു ശേഷം ഷഫ്നയുടെ ബാപ്പ അവൾക്ക് പുതിയ ഒരു പാവ വാങ്ങിക്കൊടുത്തു. പഴയ പാവയെ അലമാരിയിലും വച്ചു.

പാവം! അലമാരയിലിരുന്ന് ബൊമ്മ കരഞ്ഞു. ഷഫ്ന പഴയ ബൊമ്മയെ തിരിഞ്ഞു നോക്കാറേയില്ല. അവൾ കിടക്കുമ്പോൾ പുതിയ ബൊമ്മയെ അരികെ കിടത്തും.

ഒരു ദിവസം ഷഫ്നയുടെ ഉമ്മ ഒരു ചുരിദാർ തിരയുകയായിരുന്നു. ബൊമ്മയെ വച്ച അലമാര തുറന്നപ്പോൾ ബൊമ്മ കരയുന്നു. ഉമ്മയ്ക്ക് പാവം തോന്നി. ഉമ്മ ഷഫ്നയോട് ബൊമ്മയെക്കുറിച്ച് പറഞ്ഞു. ഷഫ്ന ഓടിച്ചെന്ന് ബൊമ്മയെ എടുത്ത് ആശ്വസിപ്പിച്ചു.

അന്നു മുതൽ ഷഫ്ന രണ്ടു ബൊമ്മയേയും ഒരു 'പോലെ സ്നേഹിച്ചു. ഒരുമിച്ച് കിടത്തി. ബൊമ്മകൾക്ക് സന്തോഷമായി.



# ക്യാറ്റ് ബോയ്

**അമൻ ഷസിയ അജയ് (അക്കു)**
1, ഗവ. എൽ പി സ്കൂൾ, വടക്കാഞ്ചേരി, തൃശ്ശൂർ.

എന്റെ പൂച്ചയാണ് Cat Boy. ക്യാറ്റ് ബോയ് മാന്തില്ല. കടിക്കില്ല. ക്യാറ്റ് ബോയ് പാവമാണ്. അവന്റെ കൂടെ ഞാൻ കളിക്കും. അവനെ ഞാനെടുക്കും. അവനെന്റെ കുഞ്ഞനിയൻ ആണ്. അവനെ ഞാൻ തലോടും. ഞാൻ അവനോടൊപ്പം തൊട്ടാപ്രാന്തി കളിക്കും.




ചിത്രീകരണം:
**ജ്വാല പ്രീത്**
കോട്ടൺ ഹിൽ എൽ പി എസ്,
തിരുവനന്തപുരം.

## നേർ അനുഭവവും എഴുത്തിലെ നേരും

അമനും മിത്രയും യുറീക്കയിൽ മുമ്പ് എഴുതിയിട്ടുള്ള കുട്ടികളാണ്. ഈ ലക്കത്തിൽ ചേർക്കുന്നത് കുട്ടികളുടെ രക്ഷിതാക്കൾ ഫെയിസ് ബുക്കിൽ ഇട്ട രചനകളാണ്.

മിത്രയുടെ അച്ഛൻ മഹേന്ദർ ആ രചനയോടൊപ്പം ഇങ്ങനെ എഴുതിയിട്ടുണ്ട്: "തീവ്രാനുഭവങ്ങളിൽ നിന്നാണ് കഥ ജനിക്കുന്നത്. സംശ്യല്യ..."

മിത്രയുടെ പാവക്കുട്ടിയോടൊപ്പമുള്ള അനുഭവങ്ങൾ അദ്ദേഹം പറയുന്നില്ല. എന്നാൽ നമുക്കത് ഊഹിക്കാം.

അമന്റെ അമ്മ ഷസിയ എഴുതിയത് കുറച്ചുകൂടെ വിശദമായിട്ടാണ്: "ക്യാറ്റ് ബോയ് മുമ്പ് വീട്ടിലുണ്ടായിരുന്ന അമ്മപ്പൂച്ചയാണ്. ഇപ്പോ അതെവിടെയാന്ന് പോലും അറിയില്ല. ഞങ്ങള വിടുന്ന് വീടും മാറി വന്നു. പക്ഷേ, ഇവനിന്നാണ് ക്യാറ്റ് ബോയ് യോട് സ്നേഹം വന്നത്. സത്യത്തിലിവൻ അതിനെ തൊട്ടിട്ട് പോലുല്ല. നാട്ടാണ് തൊട്ടാപ്രാന്തി കളിച്ചൂന്നും തലോടീന്നും..."

അമൻ ഒരിക്കലും സ്നേഹിക്കാത്ത, ഒന്നു തൊടുകപോലും ചെയ്യാത്ത, പൂച്ച കഥയിൽ അവന്റെ കുഞ്ഞനിയനാണ്. പെൺപൂച്ച ആൺപൂച്ചയായി. മുമ്പെന്നോ വീട്ടിലുണ്ടായിരുന്ന, ഇപ്പോഴില്ലാത്ത പൂച്ചയാണ് ഇപ്പോൾ അവന്റെയൊപ്പം തൊട്ടാപ്രാന്തി കളിക്കുന്നത്!

ഇതാണ് അനുഭവവും ഭാവനയും തമ്മിൽ ചേരുമ്പോഴുള്ള മാജിക്. ഇവിടെ അനുഭവം മാത്രം കഥയാക്കിയാൽ എങ്ങനെയുണ്ടാവും? അതിലെന്ത് കഥ, എന്ത് അനുഭവം, അല്ലേ? കഥയെഴുതുന്ന സമയത്താണ് അമന് ക്യാറ്റ് ബോയിയോട് സ്നേഹമുണ്ടായത് എന്ന് അമ്മ പറയുന്നു. അത് പുറംകാഴ്ചയാണ്. സർഗാത്മക മനസ്സ് പുറമേ കാണാൻ പറ്റില്ല. അമ്മപ്പൂച്ചയോട് അമന് അവൻ പോലും അറിയാതെ ഇഷ്ടമുണ്ടായിരിക്കും. ആ ഇഷ്ടമാണ് അമൻ അവന്റേതായി സൃഷ്ടിച്ചത്; കഥയാക്കിയത്. നേർ അനുഭവമല്ല, കഥ. അനുഭവത്തിന്റെ നേരാണ്.

**സഹചാരി**

# മാർടെൻ & സിവിറ്റ്

## (പൂർത്തിയാക്കാനൊരു കഥ)



**ഷിനോജ് രാജ്**

ചിത്രീകരണം: കെ.സതീഷ്

ഒരു നീൽഗിരി മാർടെനും ഒരു പാം സിവിറ്റും കൂടി ഒരു 'ക്രിസ്‌ലർ 300' കാറിൽ യാത്ര പോവുകയായിരുന്നു. എസ്.എം.സ്ട്രീറ്റിൽ വാഹനം നിരോധിച്ചതുകൊണ്ട്, പി.എം.താജ് റോഡിൽ കാറ് പാർക്ക് ചെയ്ത്, നടന്ന് നടന്നവർ എം.പി.റോഡിലെത്തി. എം.പി.റോഡിലതിനെവിടെയാ നല്ല ഹോട്ടലുകൾ? നടന്നുനടന്നവർ പാളയത്തെത്തി. പാളയത്തും അവർക്കു പറ്റിയ വലിയ 'നോൺ' ഹോട്ടലുകളൊന്നുമില്ലായിരുന്നു.

നീൽഗിരി മാർടെൻ പറഞ്ഞു : "ശൊ കഷ്ടം. നമുക്ക് എസ്.എം.സ്ട്രീറ്റിലൂടെ നേരെ പോയാൽ മതിയായിരുന്നു."

പാം സിവിറ്റ് പറഞ്ഞു: "നേരെയായാലും വളഞ്ഞായാലും എനിക്ക് വിശന്നിട്ടു വയ്യ." അങ്ങനെയാണവർ ഈവനിങ് പാരീസ് ഹോട്ടലിൽ ഇരുന്ന് ഡ്രൈവർക്ക് ഫോൺ ചെയ്തത്.

"ഡോ..., കാർ തിരിച്ച് പാളയം കല്ലായ് റോഡിലേക്കു കൊണ്ടുവാ."

പിന്നേയും കഥ തുടർന്ന പാന്തറിന്റെ കഴുത്തിന് കുത്തിപ്പിടിച്ചു ടൈഗർ പറഞ്ഞു:

"പൊട്ടാ. നീൽഗിരി മാർടെൻ ഒരിക്കലും നഗരത്തിൽ കഴിയില്ല."

"കഥയല്ലേ." പാന്തർ പറഞ്ഞു. "ചിലപ്പോൾ നഗരത്തിൽ കഴിഞ്ഞാലോ?"

"ടോ, കഥയിലും ഒരു ലോജിക്കൊക്കെ വേണം. തോന്നുന്ന പോലെ പറയരുത്. കുട്ടികൾ നേരാണെന്ന് കരുതില്ലേ?"

"അപ്പോൾ പിന്നേ..."

"ഒരു പിന്നേയുമില്ല. കഥ പശ്ചിമഘട്ടത്തിലെ ഏതെങ്കിലും ഉയർന്ന വനമേഖലയിലാവട്ടെ.






റോഡും തെരുവുമൊന്നും വേണ്ട. മരങ്ങളും പുൽമേടുമൊക്കെ മതി. അവിടെയാണ് നീൽഗിരി മാർടെൻ കൂടുതലും കഴിച്ചുകൂട്ടുന്നത്."

"അപ്പോ മാർടെന്റെ കോട്ട് ഊരണോ?" പാന്തറിന്റെ സംശയം തീരുന്നില്ല.

"കോട്ടോ... കഥയെഴുതി കഥയെഴുതി നിന്റെ വിവരമൊക്കെ പോയോ! ചുവപ്പു കലർന്ന തവിട്ടോ നല്ല ഇരുണ്ടതോ ആയ രോമത്തോടുകൂടിയ ഉഗ്രൻ ദേഹമുള്ളവർക്കെന്തിനാടോ കോട്ട്! ഇതൊന്നും കൂടാതെ രോമാവൃതമായ അടിപൊളി വാലും. തീർന്നില്ല. ഇതിന്റെ കഴുത്തും നെഞ്ചുഭാഗവും മഞ്ഞയോ ഓറഞ്ചോ ഒക്കെ കലർന്നവയാണ്."

"കോട്ടു വേണ്ടല്ലേ?"

"വേണ്ട." ടൈഗർ അറുത്തുമുറിച്ചു പറഞ്ഞു.

"അപ്പോൾ ഹോട്ടൽ ഭക്ഷണമോ?" കഥയാകെ അലങ്കോലമായതിന്റെ വിഷമം പാന്തറിന്റെ മുഖത്തുണ്ടായിരുന്നു. അതുതന്നെ ശബ്ദത്തിലും വ്യക്തമായി.

ടൈഗറിന് ചിരി വന്നു.

"പൊട്ടാ... പൊട്ടാ... നീൽഗിരി മാർടെൻ ഒറ്റയ്ക്കു പോയി ഇരതേടുന്ന സ്വഭാവക്കാരാ. വല്ല എലിയോ അണ്ണാനോ മുയലോ കിളിയോ ഷഡ്പദമോ... അല്ലെങ്കിൽ പഴമോ തേനോ ഒക്കെ ഭക്ഷിക്കുന്നവയാണ്."

"ഛേ... നശിപ്പിച്ചു. കഥ ആകെ മാറ്റണം, ല്ലേ?"

"പഴയ കാലമല്ല. കഥയിലും ചില ഗവേഷണങ്ങളൊക്കെ നടത്തണം." ടൈഗർ പറഞ്ഞു.

"അങ്ങനെ വരുമ്പോൾ പാം സിവിറ്റിനെയും കഥയിൽനിന്ന് കട്ട് ചെയ്യേണ്ടേ?" പാന്തർ മടിച്ചുമടിച്ചു ചോദിച്ചു.

"എടോ എങ്ങനെയാടോ വ്യത്യസ്ത കുടുംബക്കാരായ നീൽഗിരി മാർടെനും പാം സിവിറ്റും ചങ്ക് ഫ്രണ്ട്സ് ആവുന്നത്."

"കഥ... കഥയിൽ..." പാന്തർ മുരണ്ടുനോക്കി.

"കുത... കുതയാ..." ടൈഗർ അതിലും വലുതാക്കി മുരണ്ടു.

നിത്യഹരിത വനം, അർധഹരിത വനം, ഇലപൊഴിയും വനം... പിന്നെ ചിലപ്പോൾ നാട്ടുമ്പുറത്തും കാണുന്നവയാണ് പാം സിവിറ്റ്.

"അപ്പോൾ കോട്ട് അവിടെയും ഊരാമല്ലേ...?"

"ഊരണം. പൊതുവെ ഇവയ്ക്ക് നിറം കറുപ്പാണെങ്കിലും വിളർത്ത രോമങ്ങൾ ഇടയ്ക്കിടയ്ക്ക് ഉള്ളതുകൊണ്ട് നല്ല ഭംഗിയാ കാണാൻ. അടിഭാഗത്തതാ മങ്ങിയ മഞ്ഞനിറം. മുതുകത്ത് അസ്സൽ കറുത്ത പട്ടയടയാളങ്ങളുമുണ്ട്."

## പാട്ട് പാടി കൈ കഴുകാം

ഇടയ്ക്കിടെ സോപ്പിട്ട് കൈ കഴുകാൻ മറക്കല്ലേ. വേണമെങ്കിൽ കൈ കഴുകുമ്പോൾ ഈ പാട്ടും പാടിക്കോളൂ..

"ഊരി ഊരി... കോട്ടൂരി." പാന്തർ പറഞ്ഞു. "ഹോട്ടലിൽ നിന്ന് പിടിച്ചിറക്കുകയും ചെയ്തു. പോരേ..."

"വേണമെങ്കിൽ ഒരു സാധ്യതയുണ്ടായിരുന്നു." ടൈഗർ ശബ്ദം താഴ്ത്തി.

"എടോ രണ്ടിന്റെയും ഭക്ഷണം ഏകദേശം സാമ്യമൊക്കെയുണ്ട്."

"അതെന്താ ബോസ്..."

"പഴം, ഷഡ്പദം, ഓന്ത്, എലി, പക്ഷി... പക്ഷി മുട്ട.. കോഴിക്കൂട്ടിൽ കയറി കോഴി... കോഴിമുട്ട... ഷേ... എന്നാലും ശരിയാവില്ല. ശരിയാവില്ലട്ടോ..."

"വേണ്ട. ശരിയാവണ്ട. ശരിയാക്കണ്ട. ഒരിക്കലും ശരിയാവുകയുമില്ല. ഞാനക്കഥ വിട്ടു. വിട്ടു."

"ബ്രോ... പിണങ്ങല്ലേ." ടൈഗർ ഒന്നൊതുങ്ങി.

പാന്തർ പിണങ്ങി. നന്നായി പിണക്കം മുറുക്കി.

"പേപ്പാറയിലെയോ സൈലന്റ് വാലിയിലേയോ ഒരു മലഞ്ചരിവിൽ നിന്ന് ഹെലികോപ്ടറിലിരുത്തി നീൽഗിരി മാർട്ടെനെ താഴെ... താഴെ ഒരു താഴ്‌വാരത്തിലെ കാട്ടുമുക്കിലേക്ക് കൊണ്ടുവരും. കഥയല്ലേ, എനിക്കിഷ്ടമുള്ളതെല്ലാം എഴുതും."

ടൈഗർ പറഞ്ഞു: "നീയാ പേരിൽ ലയിച്ചുപോയതാ എല്ലാറ്റിനും കുഴപ്പമായത്. നീൽഗിരി മാർട്ടെനും പാം സിവിറ്റും! മരനായയെന്നും മരപ്പട്ടിയെന്നും കഥാപാത്രങ്ങളുടെ പേരു മാറ്റിയാൽ കഥ നന്നാവുമായിരുന്നു. കഥ തനി നാടനാവുകയുമായിരുന്നു. അങ്ങനെ മാറ്റിക്കൂടേ?"

"എന്റെ പട്ടി മാറ്റും." പാന്തർ പേന വലിച്ചെറിഞ്ഞ് ഓടിപ്പോയി.

"നീ പോടാ കരിമ്പുലീ... ഞാനൊരു കടുവയാണെങ്കിൽ ഈ കഥ ഞാനെഴുതിയിരിക്കും." ടൈഗർ പൊട്ടിപ്പൊട്ടിച്ചിരിച്ചു.

പിന്നെ വലിച്ചെറിഞ്ഞ ആ പേന തപ്പിയെടുത്ത് ആദ്യ വരികൾ കുറിച്ചു.

ഒരു നീൽഗിരി മാർട്ടെനും ഒരു പാം സിവിറ്റും കൂടി ഒരു ഹെലികോപ്ടറിൽ യാത്ര പോവുകയായിരുന്നു.

കഥയല്ലേ... അപ്പോൾ ഇങ്ങനെയൊക്കെ സംഭവിക്കാം. അവർ 36 നിലകളുള്ള ഒരു 'കൊച്ചു' അപ്പാർട്ട്മെന്റിന്റെ മുകളിലെ ഹെലിപ്പാഡിൽ ലാന്റ് ചെയ്തശേഷം താഴേക്ക് ഇറങ്ങിവന്നു.

"ഹി... ഹി..." ടൈഗർ ആർത്തു ചിരിച്ചു.



മരപ്പട്ടി



മരനായ

**മരനായയും മരപ്പട്ടിയും**

മരനായ് നീൽഗിരി മാർട്ടെൻ (Nilgiri Marten) ആണ്. ശാസ്ത്രനാമം: *മാർട്ടെസ് ഗ്വാട്കിൻസി Martes gwatkinsii.*

മരപ്പട്ടി പാം സിവിറ്റ് ആണ് (Palm civet). ശാസ്ത്രനാമം : *പാരഡോക്സുറസ് ഹെർമാഫ്രോഡൈറ്റസ്. Paradoxurus hermaphroditus.*



# രോഗം രോഗപ്രതിരോധം

ഡോ. കെ പി അരവിന്ദൻ

ഈ ലോകത്ത് ഇത്രയധികം മനുഷ്യർ എല്ലാക്കാലത്തും ഉണ്ടായിരുന്നോ? ഇല്ലെന്നാണ് ഉത്തരം. ഇക്കഴിഞ്ഞ ആയിരം വർഷത്തിൽ 900 വർഷത്തോളം ജനസംഖ്യ വലിയ മാറ്റമൊന്നുമില്ലാതെയാണ് തുടർന്നത്. അന്നും ഒരുപാട് കുട്ടികൾ ജനിച്ചിരുന്നു. പക്ഷേ, അത്ര തന്നെ ആളുകൾ ഓരോ വർഷവും മരിച്ചിരുന്നു. കഴിഞ്ഞ നൂറ് വർഷത്തിൽ, പ്രത്യേകിച്ചും 50 വർഷത്തിൽ ലോക ജനസംഖ്യ കുതിച്ചുയർന്നു. ഇതിന്റെ പ്രധാന കാരണം പകർച്ചവ്യാധികളും അതുകൊണ്ടുള്ള മരണങ്ങളും വളരെയധികം കുറഞ്ഞു എന്നതാണ്.





മനുഷ്യർ പകർച്ചവ്യാധികൾ പിടിപെട്ട് കൂട്ടത്തോടെ ചത്തൊടുങ്ങിയ ഒരു കാലമുണ്ടായിരുന്നു. 14–ാം നൂറ്റാണ്ടിലെ (650 വർഷം മുൻപ്) പ്ലേഗ് മഹാമാരിയിൽ യൂറോപ്പിലെ പകുതിയോളം പേർ മരിച്ചുപോയി. മനുഷ്യർക്ക് രോഗത്തെ നേരിടാനുള്ള മാർഗം ഒന്നുകിൽ ഓടിപ്പോവുക, അല്ലെങ്കിൽ രോഗികളെ മാറ്റിപ്പാർപ്പിക്കുക, അതുമല്ലെങ്കിൽ വീട്ടിനകത്ത് അടച്ചുപൂട്ടിയിരുന്നു പ്രാർത്ഥിക്കുക എന്നതു മാത്രമായിരുന്നു. എന്നാൽ, ആഞ്ഞടിച്ച മഹാമാരികളിൽ നിന്ന് ഇതു കൊണ്ടൊന്നും രക്ഷനേടാനായില്ല. രോഗം വരുന്നത് മോശം വായു കൊണ്ടാണെന്ന് വിശ്വസിച്ച അന്നത്തെ ഡോക്ടർമാർ വിചിത്രമായ മുഖംമൂടികളുമായി അലഞ്ഞുനടന്നു. വസൂരിയും കോളറയുമൊക്കെ ലക്ഷങ്ങളെ കൊന്നൊടുക്കി.

പതിനേഴാം നൂറ്റാണ്ടിൽ ആന്റണി ലീവെൻഹുക്ക് എന്ന ഡച്ചുകാരൻ ഗ്ലാസ്സ് ഉരച്ചുരച്ച് ഉരുണ്ട ലെൻസുകളുണ്ടാക്കി. ഇവയെ ഉപയോഗിച്ച് കൊച്ചു മൈക്രോസ്കോപ്പുകൾ ഉണ്ടാക്കുകയായിരുന്നു അദ്ദേഹത്തിന്റെ വിനോദം. 1674ൽ ഒരു തടാകത്തിലെ വെള്ളം മൈക്രോസ്കോപ്പിലൂടെ നോക്കുമ്പോൾ വെറും കണ്ണുകൊണ്ടു കാണാൻ കഴിയാത്ത കൊച്ചുജീവികളെ അദ്ദേഹം കണ്ടു. ഇന്നു നാം ബാക്ടീരിയകൾ എന്നു വിളിക്കുന്ന ഇവയെ ആദ്യമായി ഒരു മനുഷ്യൻ കാണുകയായിരുന്നു. പലതരം ബാക്ടീരിയകളെ അദ്ദേഹം രേഖപ്പെടുത്തി.



പതിനെട്ടാം നൂറ്റാണ്ടിന്റെ അന്ത്യത്തിൽ ഇംഗ്ലീഷുകാരനായ എഡ്വേർഡ് ജെന്നർ അന്ന് ലോകമെമ്പാടും ഒട്ടേറെ പേരെ കൊന്നൊടുക്കിയ വസൂരിക്ക് ഫലപ്രദമായ പ്രതിരോധ ചികിത്സ കണ്ടുപിടിച്ചു. പശുവിന്റെ അകിടിൽ നിന്ന് പകർന്നുകിട്ടുന്ന ഗോവ സൂരി പിടിപെട്ട പാൽക്കാരികൾക്ക് വസൂരി വരുന്നില്ലെന്ന നിരീ ക്ഷണമായിരുന്നു ഈ കണ്ടുപിടുത്തത്തിനാധാരം.

ജേംസ് ഫിപ്സ് എന്ന ബാലനിൽ, ഗോവസൂരിയിൽ നിന്നെടു ത്ത ദ്രവം കുത്തിവെച്ച് ഏതാനും ദിവസത്തിനകം മനുഷ്യവസൂരി കുത്തിവെച്ചപ്പോൾ രോഗം വരുന്നില്ലെന്നു കണ്ടു. ഇതായിരുന്നു ആദ്യത്തെ ശാസ്ത്രീയമായ പ്രതിരോധ കുത്തിവെപ്പ്.



## ഡോക്ടർമാർ കൈ കഴുകുക!!!



ബാക്ടീരിയകൾ പോലുള്ള സൂക്ഷ്മജീവികൾ ആണ് പകർച്ചവ്യാധികൾ ഉണ്ടാക്കുന്നതെന്ന് ഏറെക്കാലം ആരും ചിന്തിച്ചില്ല. പത്തൊമ്പതാം നൂറ്റാണ്ടിൽ, ഹംഗറിയിലെ ഒരു ഡോക്ടർ ആയ ഇഗ്നാസ് സിമ്മൽവീസ്, പ്രസവാനന്തരം അമ്മ മാർ പനി വന്നു മരിക്കുന്നത് ഇല്ലാതാക്കാൻ, പ്രസവമെടുക്കുന്ന ഡോക്ടർ അതിനു മുൻപ് കൈ വൃത്തിയായി കഴുകിയാൽ മതി എന്നു വാദി ച്ചു. അദ്ദേഹം സ്വന്തം വാർഡിൽ അതു കാണിച്ചു കൊടുക്കുകയും ചെയ്തു. എന്നാൽ അന്നത്തെ ഡോക്ടർമാർ അതു കേൾക്കാൻ കൂട്ടാക്കിയില്ല.


കുഷ്ഠരോഗം അതിപുരാതനമാണ്. ലോകം മുഴുവൻ അനേകാ യിരങ്ങൾ ഇതിന്റെ കെടുതിയുമായി ജീവിച്ചു. രോഗികളെ സമൂഹം ബഹിഷ്ക്കരിക്കുകയും മാറ്റി താമസിപ്പിക്കുകയും ചെയ്തിരുന്നു. ദൈവദോഷം കൊണ്ടാണെന്നും പാരമ്പര്യരോഗമാണെന്നുമുള്ള വിശ്വാസങ്ങളാണ് നിലനിന്നിരുന്നത്. പത്തൊമ്പതാം നൂറ്റാണ്ടിൽ നോർവേയിൽ രോഗം വ്യാപകമായിരുന്നു. രോഗം ഏറ്റവും അധികം ഉണ്ടായിരുന്ന ബെർഗൻ നഗരത്തിലെ ഒരു ഡോക്ടർ – ഗെർഹാർഡ് ഹാൻസൻ ആണ് കുഷ്ഠം ബാധിച്ച രോഗിയുടെ ശരീരത്തിൽ മൈക്രോസ്കോപ്പിലൂടെ നീളമുള്ള വടിയുടെ ആകൃതിയിലുള്ള വസ്തുക്കളെ കണ്ടത്. അത് ബാക്ടീരിയകൾ ആയിരിക്കാമെന്നും അവയാണ് രോഗത്തിനു കാരണമെന്നും കുഷ്ഠം ഒരു പകർച്ചവ്യാധി ആണെന്നും അദ്ദേഹം വാദിച്ചു.



ഫ്രഞ്ച് രസതന്ത്ര ശാസ്ത്രജ്ഞനായ ലൂയിപാസ്ചർ സൂക്ഷ്മജീവികളാണ് വൈനും ബിയറും പോലുള്ള ആൽക്കൊഹോൾ ഉണ്ടാക്കുന്നത് എന്നു കണ്ടെത്തി. മുൻപ് പരക്കെ വിശ്വസിച്ചതു പോലെ ഭക്ഷ്യപദാർത്ഥങ്ങളും മറ്റും കേടാവുന്നത് മോശം വായു മൂലമല്ല എന്നും വായുവിലെ സൂക്ഷ്മജീവികൾ കാരണമാണെന്നും അദ്ദേഹം തന്റെ പ്രസിദ്ധമായ ഫ്ളാസ്ക് പരീക്ഷണങ്ങളിലൂടെ തെളിയിച്ചു. ഇതുപോലുള്ള സൂക്ഷ്മജീവികളാണ് പല രോഗങ്ങൾക്കും കാരണം എന്ന് രോഗാണുസിദ്ധാന്തം

മുന്നോട്ട് വെച്ചതും പാസ്ചർ ആയിരുന്നു.

ഫ്രാൻസിലെ പട്ടു വ്യവസായത്തെ നശിപ്പിച്ചുകൊണ്ടിരുന്ന പട്ടുനൂൽ പുഴുക്കളുടെ രോഗം ഒരു ബാക്ടീരിയ മൂലമാണെന്നും രോഗം ബാധിച്ച പുഴുക്കളെ മാറ്റിയാൽ അതിന്റെ വ്യാപനം തടയാമെന്നും പാസ്ചർ കണ്ടെത്തി. ആന്ത്രാക്സ്, പേപ്പട്ടിവിഷബാധ എന്നിവയ്ക്കു വീര്യം നഷ്ടപ്പെടുത്തിയ അണുക്കൾ കൊണ്ടുള്ള പ്രതിരോധ കുത്തിവെപ്പ് ഫലപ്രദമാണെന്നും അദ്ദേഹം തെളിയിച്ചു.




ജർമൻകാരനായ റോബർട്ട് കോക്ക് ആണ് രോഗാണുസിദ്ധാന്തം സംശയത്തിന് ഇടനൽകാത്തവിധം തെളിയിച്ചത്. ക്ഷയം, കോളറ, ആന്ത്രാക്സ് എന്നീ രോഗങ്ങളൊക്കെ ബാക്ടീരിയകൾ ഉണ്ടാക്കുന്നതാണെന്ന് അദ്ദേഹം തെളിയിച്ചു. ഒരു രോഗം ഇന്ന അണുവിൽ നിന്നാണ് ഉണ്ടാകുന്നത് എന്നു തെളിയിക്കാൻ ചില നിർദേശങ്ങളും അദ്ദേഹം മുന്നോട്ട് വെച്ചു.



1. രോഗമുള്ള എല്ലാവരിലും രോഗാണു ഉണ്ടായിരിക്കണം. 2. രോഗിയുടെ ശരീരത്തിൽ നിന്നെടുക്കുന്ന അണുവിനെ ലബോറട്ടറിയിൽ പ്രത്യേക പാത്രങ്ങളിൽ ശുദ്ധമായ രൂപത്തിൽ വളർത്താൻ കഴിയണം. 3. ഇങ്ങനെ വളർത്തിയ രോഗാണുവിനെ രോഗമില്ലാത്ത വ്യക്തിയിൽ കുത്തിവെച്ചാൽ ആ വ്യക്തിയിൽ അത് രോഗമുണ്ടാക്കണം. 4. അങ്ങിനെ രോഗമുണ്ടാക്കിയ വ്യക്തിയിൽ നിന്ന് അതേ രോഗാണുവിനെ വേർതിരിച്ചെടുക്കാൻ കഴിയണം. മേൽപ്പറഞ്ഞവ ഇന്ന് കോക്കിന്റെ തത്ത്വങ്ങൾ എന്ന് അറിയപ്പെടുന്നു.



ഇരുപതാം നൂറ്റാണ്ടിലേക്കു കടക്കുമ്പോഴേക്കും പകർച്ചവ്യാധികൾ രോഗാണുക്കളാണ് ഉണ്ടാക്കുന്നതെന്ന കാര്യത്തിൽ സംശയമുണ്ടായിരുന്നില്ല. പോൾ എർലിക്ക് ഒരു ബഹുമുഖപ്രതിഭയായിരുന്നു. രോഗാണുക്കൾക്കെതിരെ ശരീരം പ്രതിവസ്തുക്കൾ (ആന്റിബോഡികൾ) നിർമിക്കുന്നു എന്ന് ആദ്യമായി പറഞ്ഞത് എർലിക്ക് ആയിരുന്നു. കോശങ്ങളെ പലതരം ചായം പിടിപ്പിച്ച് നല്ലതായി കാണാനും മനസ്സിലാക്കാനും കഴിയുമെന്ന് അദ്ദേഹം കാണിച്ചു. രോഗാണുവിൽ ചില ചായങ്ങൾ പറ്റിപ്പിടിക്കുന്നത് പോലെ ചില രാസവസ്തുക്കൾക്ക് ഈ അണുക്കളെ നശിപ്പിക്കാനും കഴിയും എന്ന ആശയം എർലിക്ക് മുന്നോട്ടുവെച്ചു. സിഫിലിസ് രോഗം ഉണ്ടാക്കുന്ന ബാക്ടീരിയക്കെതിരെ ആർസ്ഫെനമീൻ എന്ന പദാർത്ഥം ഫലപ്രദമാണെന്ന് അദ്ദേഹം കണ്ടെത്തി. ഇതിന്റെ ഫലമായി സൽവർസാൻ എന്നും പിന്നീട് നിയോ – സൽവർസാൻ എന്നും പേരിൽ ഇത് വിപണിയിലിറങ്ങി. ചുരുങ്ങിയ കാലം കൊണ്ട് ലോകത്തെ ഏറ്റവും വിറ്റഴിയുന്ന മരുന്നായി ഇത്. രോഗാണുവിനെ നശിപ്പിക്കാനായി രൂപകൽപ്പന ചെയ്ത ലോകത്തിലെ ആദ്യത്തെ മരുന്ന്.






ചെറിയ മുറിവുകൾ പഴുത്താൽപോലും അത് മരണത്തിലേക്ക് നയിക്കുന്ന ഒരു കാലമുണ്ടായിരുന്നു. രോഗാണുക്കളെ കൊല്ലുന്ന ആന്റിബയോട്ടിക്ക് ഔഷധങ്ങളാണ് ഇതിന് അറുതി വരുത്തിയത്. ആദ്യത്തെ ആന്റിബയോട്ടിക്ക് ആയിരുന്നു പെനിസിലിൻ. അലക്സാൻഡർ ഫ്ളെമിങ്ങ് എന്ന ഇംഗ്ലീഷ് സൂക്ഷ്മജീവി ശാസ്ത്രജ്ഞൻ മുറിവുകൾ പഴുക്കുന്നതിനൊക്കെ പ്രധാന കാരണമായ സ്റ്റഫൈലോകോക്കസ് എന്ന ബാക്ടീരിയയെ പെട്രി പാത്രങ്ങളിൽ വളർത്തുകയായിരുന്നു. ജനൽ തുറന്നു കിടന്നതു കൊണ്ട് ഒരു ദിവസം ഈ പാത്രങ്ങളിൽ ഒരുതരം പൂപ്പൽ ബാധിച്ചു. ഈ പൂപ്പലിനു ചുറ്റും ബാക്ടീരിയങ്ങൾ നശിച്ചിരിക്കുന്നതായി ഫ്ളെമിങ്ങ് കണ്ടു. പെനിസിലിയം എന്ന പേരുള്ള ഈ പൂപ്പൽ ബാക്ടീരിയങ്ങളെ നശിപ്പിക്കുന്ന ഒരു പദാർത്ഥം ഉൽപ്പാദിപ്പിക്കുന്നു എന്ന് ഫ്ളെമിങ്ങ് മനസ്സിലാക്കി. പെനിസിലിയത്തിൽ നിന്ന് മനുഷ്യനിൽ ഉപയോഗിക്കുന്ന ഒരു മരുന്ന് ഉണ്ടാക്കിയെടുക്കാൻ പിന്നെയും പത്ത് വർഷത്തിലധികം എടുത്തു. ഹൊവാർഡ് ഫ്ളോറിയും ഏണസ്റ്റ് ചെയിനും ആണ് അത് സാധിച്ചെടുത്തത്. ഒന്നാം ലോകമഹായുദ്ധത്തിൽ കൂടുതൽ സൈനികരും മരിച്ചത് അണുബാധമൂലമായിരുന്നെങ്കിൽ പെനിസിലിനിന്റെ ഉപയോഗം മൂലം രണ്ടാം ലോകമഹായുദ്ധമായപ്പോഴേക്കും ഇത് വളരെ കുറച്ചു മാത്രമായി.

കഴിഞ്ഞ രണ്ടു നൂറ്റാണ്ടിൽ 100 കോടി ജനങ്ങളെ (ഏതാണ്ട് ഇന്ത്യയുടെ ജനസംഖ്യയുടെ അത്ര) കൊന്നൊടുക്കിയ മഹാവിപത്തായിരുന്നു ക്ഷയരോഗം. പ്രധാനമായും ശ്വാസകോശങ്ങളെ ബാധിച്ചിരുന്ന ഈ രോഗത്തിന്റെ മുഖ്യ ലക്ഷണം ശരീരം മെലിയൽ, പനി, ചുമ, ചോരതുപ്പൽ എന്നിവയാണ്. ഈ രോഗം ഉണ്ടാക്കുന്ന അണുവിനെ കഫത്തിൽ പ്രത്യേകരീതിയിൽ ചായം പിടിപ്പിച്ചാൽ നീളാകൃതിയിൽ കാണാം. രോഗം കണ്ടുപിടിക്കാൻ ഇപ്പോഴും ഈ ടെസ്റ്റ് ഉപയോഗിക്കുന്നു. കഴിഞ്ഞ നൂറ്റാണ്ടിന്റെ ആദ്യപകുതിയിൽ പോലും ഒരാൾക്ക് രോഗമുണ്ടെന്ന് കണ്ടെത്തിയാൽ മരണം ഏതാണ്ടുറപ്പായിരുന്നു. ഇത്തരക്കാരെ പ്രത്യേകം സ്ഥാപിച്ച സാനറ്റോറിയങ്ങളിൽ പ്രവേശിപ്പിക്കുക യായിരുന്നു പതിവ്. അവരിൽ ചിലർ മാത്രമാണ് രക്ഷപ്പെട്ടിരുന്നത്. 1943ൽ ആൽബർട്ട് ഷാറ്റ്സ് ക്ഷയരോഗാണുവിനെതിരെ ഫലപ്രദമായ സ്ട്രെപ്റ്റോ മൈസിൻ കണ്ടുപിടിച്ചു. അൻപതുകൾക്കു ശേഷം മറ്റു മരുന്നുകളും വന്നു. ക്ഷയം ചികിത്സിച്ചു ഭേദമാക്കാവുന്ന രോഗങ്ങളിലൊന്നായി മാറി.



കഴിഞ്ഞ 200 വർഷത്തിനുള്ളിൽ ലോകമെമ്പാടും ലക്ഷങ്ങളെ കൊന്നൊടുക്കിയ രോഗമാണ് കോളറ. കഠിനമായ വയറിളക്കവും ശരീരത്തിലെ ജലാംശം കുറഞ്ഞില്ലാതാവുന്നതുമാണ് ലക്ഷണങ്ങൾ. രോഗമുണ്ടാക്കുന്ന വിബ്രിയോ കോളറ എന്ന ബാക്ടീരിയത്തിനെ റോബർട്ട് കോക്ക് ആണ് കണ്ടുപിടിച്ചത്. രോഗിയുടെ മലത്തിലൂടെ പുറത്തു കടക്കുന്ന അണു ജലാശയങ്ങളെ മലിനപ്പെടുത്തുക വഴി ആയിരങ്ങൾക്ക് രോഗമുണ്ടാക്കുന്നതായിരുന്നു മഹാമാരിക്ക് കാരണം. നഗരങ്ങൾക്ക് കുടിവെള്ളം

എത്തിച്ചിരുന്ന നദികളിൽ മല വിസർജ്യങ്ങൾ എത്തിച്ചേരുന്ന തായിരുന്നു പ്രശ്നം. ഇക്കാര്യം മനസ്സിലാക്കിയതോടെയാണ്, മലം സംസ്ക്കരിക്കാനുള്ള പദ്ധതികളും ശുദ്ധീകരിച്ച പൊതുജല വിതരണവുമൊക്കെ വൻ ചെലവിൽ സർക്കാരുകൾ നടപ്പിലാക്കാൻ തുടങ്ങിയത്. ഇതോടെ കോളറയുടെ തോത് ഗണ്യമായി കുറഞ്ഞു.



നിർജലീകരണത്തിന് ലായനികൾ നൽകുകയും അണുവിനെ കൊല്ലാൻ ആന്റിബയോട്ടിക്കുകൾ ഉപയോഗിക്കുകയും ചെയ്യാൻ തുടങ്ങിയതോടെ കോളറ മരണങ്ങൾ ഇല്ലാതായി.

ലോകത്തിൽ ഇന്നേവരെ ജീവിച്ച മനുഷ്യരിൽ പകുതിയോളം പേർ മരിച്ചത് മലേറിയ മൂലമാണെന്നൊരു കണക്കുണ്ട്. ശരിയാണോ എന്നറിയില്ല. പക്ഷേ, മറ്റേതു മരണകാരണത്തേക്കാളും എത്രയോ മുന്നിലാണ് മലേറിയ. മനുഷ്യൻ ഉണ്ടായ കാലം മുതൽ അതു നമുക്കൊപ്പമുണ്ട്. രോഗമുണ്ടാക്കുന്നത് പ്രോട്ടോസോവ ഇനത്തിൽപ്പെട്ട ഒരു ഏകകോശജീവിയാണ്. മൈക്രോസ്കോപ്പിലൂടെ നോക്കിയാൽ രോഗം ബാധിച്ചവരുടെ രക്തത്തിൽ ചുവന്ന രക്താണുക്കളിൽ അവയെ കാണാം. ഫ്രഞ്ചുകാരനായ ചാൾസ് ലാവെറാനാണ് ഇത് കണ്ടുപിടിച്ചത്. ഇവയെ രക്തത്തിൽ എത്തിക്കുന്നത് അനോഫിലീസ് ഇനത്തിൽപ്പെട്ട കൊതുകുകളാണ്. ഇക്കാര്യം കണ്ടുപിടിച്ചത് ബ്രിട്ടീഷുകാരനായ റൊണാൾഡ്റോസ്സ് ആണ്.



അനോഫിലീസ് കൊതുകുകളെ നശിപ്പിക്കുകയാണ് രോഗം നിയന്ത്രിക്കാനുള്ള മാർഗം. രോഗം വന്നവരെ ചികിത്സിക്കാൻ രോഗാണുവിനെ കൊല്ലുന്ന പല മരുന്നുകളും ഇന്ന് ലഭ്യമാണ്. പണ്ടത്തെ അപേക്ഷിച്ച് രോഗികളുടെ എണ്ണവും രോഗം വന്നവരുടെ മരണവും വളരെയധികം കുറഞ്ഞെങ്കിലും ഇന്നും ഓരോ വർഷവും ആറ് ലക്ഷം പേർ മലേറിയ മൂലം മരിക്കുന്നു; പ്രത്യേകിച്ച് ആഫ്രിക്കയിൽ.

കുട്ടികളുടെ മരണത്തിന്റെ പ്രധാന കാരണങ്ങളായിരുന്നു ഡിഫ്ത്തീരിയ, വില്ലൻചുമ, ടെറ്റനസ് തുടങ്ങിയ രോഗങ്ങൾ. ഇരുപതാം നൂറ്റാണ്ടിനു മുൻപ്, എല്ലാ രാജ്യങ്ങളിലും ജനിച്ച കുട്ടികളിൽ അഞ്ചിലൊന്നു മുതൽ പകുതി വരെ ചെറുപ്പത്തിലേ മരിച്ചിരുന്നു. പല സമൂഹങ്ങളും ഒരു വയസ്സു കഴിഞ്ഞു മാത്രമേ കുട്ടികൾക്കു പേരിടാറുണ്ടായിരുന്നുള്ളൂ. ഡിഫ്ത്തീരിയയും മറ്റും വന്ന് എല്ലാ കുട്ടികളും മരിക്കുന്നതുപോലും അപൂർവമായിരുന്നില്ല.



ഇതിനൊക്കെ മാറ്റം വരുത്തിയത് പ്രതിരോധ വാക്സിനുകളുടെ കണ്ടുപിടുത്തവും വ്യാപനവുമാണ്. ഇന്ന് കുട്ടികൾക്ക് വരുന്ന പകർച്ചവ്യാധികളിൽ മിക്കതിനും പ്രതിരോധമരുന്നുകൾ ഉണ്ട്.

വസൂരി എന്ന വൈറസ്‌രോഗം ലക്ഷങ്ങളെ കൊന്നിരുന്ന കാലത്ത് ശീതള മാതാവിനോടും മാരിയമ്മനോടും പരിശുദ്ധ നിക്കേഷ്യസ് പുണ്യാളനോടുമൊക്കെ പ്രാർത്ഥിക്കൽ മാത്രമായിരുന്നു മാർഗം. എന്നാൽ വസൂരിക്കെതിരെ വാക്സിൻ വന്നപ്പോൾ സ്ഥിതി മാറി. രോഗം വരാതിരിക്കാൻ കുത്തിവെപ്പ് എടുത്താൽ മതി എന്നായി. എങ്കിലും ലോകം മുഴുവൻ ഇതു നടപ്പാക്കാൻ ലോകാരോഗ്യ സംഘടനയുടെ വലിയൊരു ശ്രമം വേണ്ടിവന്നു. 1977ൽ വസൂരി ലോകത്തു നിന്നും തുടച്ചുനീക്കപ്പെട്ടു.



അനേകായിരം കുട്ടികൾക്ക് അംഗവൈകല്യം ഉണ്ടാക്കിയ മറ്റൊരു വൈറസ് രോഗമായ പോളിയോ ഇപ്പോൾ പൂർണമായും ഇല്ലാതാക്കാൻ വലിയൊരു ശ്രമം നടന്നുവരുന്നു. പോളിയോ ഇല്ലാത്തൊരു ലോകം എന്ന സ്വപ്നം അടുത്തു തന്നെ നേടാനാവും എന്ന് നമുക്ക് പ്രതീക്ഷിക്കാം.

മുമ്പെന്നത്തേക്കാളും ഇന്നത്തെ കുട്ടികൾക്ക് ആരോഗ്യകരമായ ജീവിതം ഉറപ്പാക്കിയത് രോഗാണുക്കളോട് യുദ്ധം ചെയ്ത ആധുനിക ശാസ്ത്രമാണ്. അതിന് രൂപം നൽകിയ ചിന്താരീതിയാണ്.



പഴയ ആ ദുരിതകാലത്തിന്റെ അനുഭവങ്ങൾ ഇല്ലാത്തവരോട് വാക്സിനുകളും ആന്റിബയോട്ടിക്കുകളും ഒക്കെ മോശമാണെന്നും പഴയകാലത്തേക്കു തിരിച്ചുപോകണമെന്നുമൊക്കെ പറഞ്ഞ് ചിലർ അവരുടെ ഉൽപ്പന്നങ്ങൾ വിൽക്കാൻ ഇറങ്ങിയിട്ടുണ്ട്. ഈ തട്ടിപ്പുകാരെ തിരിച്ചറിയണമെങ്കിൽ നാം സയൻസിന്റെ ചരിത്രവും സയൻസിന്റെ രീതികളുമൊക്കെ പഠിച്ചേ മതിയാവൂ.

*(2016 ആഗസ്റ്റ് 1 ലക്കത്തിൽ നിന്ന്)*

---

## പദപ്രശ്നം വിജയികളും ഉത്തരവും
### മാർച്ച് 16

| | | | | |
|---|---|---|---|---|
| 1 അ | മ്പി | ളി | | 2 ത |
| മ്പ | | | 3 പി | ടി |
| 4 ല | ക്ഷ്മ | ണ | ൻ | |
| പ്പു | | | 5 വി | 6 ര |
| ഴ | | 7 എ | ളി | മ |

**ഇഷ ശ്രീജിത്ത്,** 4 സി, ചിന്മയ വിദ്യാലയ, നറുവമൂഡ് പി.ഒ., തിരുവനന്തപുരം

**ആൽഫ്രഡ് പി. ആൽവിൻ,** 2 ാം തരം, ശ്രീ ഗോകുലം പബ്ലിക് സ്കൂൾ, പഴവിൽ, ഇഞ്ചമുടി പി.ഒ., തൃശ്ശൂർ

**ആത്മിക,** 2 സി, എം.ജി.എം.എച്ച്.എസ്.എസ്. ഈങ്ങാപ്പുഴ, പുതുപ്പാടി പി.ഒ., കോഴിക്കോട്.

**നിരുപമ വർമ,** 3 ാം തരം, കരിവെള്ളൂർ നോർത്ത് എ.യു.പി.എസ്., കരിവെള്ളൂർ പി.ഒ., കണ്ണൂർ

**മേരി സാനിയ ജെയിംസ്,** 6 ാം തരം, ഗാർഡിയൻ ഏയ്ഞ്ചൽസ് യു.പി.എസ്. മഞ്ഞുമ്മൽ പി.ഒ., എറണാകുളം

# ഇലക്കുപ്പായക്കാരി



**ഏ വി സന്തോഷ് കുമാർ**

ചിത്രീകരണം: സചീന്ദ്രൻ കാറഡുക്ക



നിറയെ
ഇലകളുള്ള കുപ്പായമിടുന്ന
ഒരു കുട്ടിയുണ്ടായിരുന്നു.
കണ്ടാൽ
ഒരു മരമാണെന്നേ തോന്നൂ

നിറയെ ഇലകളുള്ള
ഒരു മരക്കൊമ്പിലേക്ക്
മെല്ലെ മെല്ലെ
കയറാൻ തുടങ്ങി അവൾ
ഒരു വൈകുന്നേരം

കയറിക്കയറിപ്പോകെ
കുപ്പായത്തിലെ ഇലകൾ
മരത്തിലേക്കും
മരത്തിലെ ഇലകൾ
കുപ്പായത്തിലേക്കും
കൂടുവിട്ട്
കൂടുമാറിത്തുടങ്ങി

കുപ്പായവും മരവും
അച്ചുതൊട്ടുകളി
തുടങ്ങി.
അതവൾക്ക് രസമായി

അകലേക്കുനോക്കുമ്പോൾ കാണാം
കൊത്തിയടർത്തിയ കുന്നുകൾ
ആർക്കുന്നുണ്ടീച്ചകൾപോൽ
മണ്ണുമാന്തി യന്ത്രങ്ങൾ

താഴെയിപ്പോൾ
കാഴ്ച കാണാൻ നിരവധിയാളുകൾ
കൈകളിൽ ഫോണുണ്ട്
ഫോട്ടോയെടുപ്പാണ്
ഉയരത്തിലുയരത്തിൽ
കേറിപ്പോകാൻ
വിളിച്ചുപറയുന്നുണ്ട്.

ഉയരത്തിലെത്തിയാൽ
തലകറങ്ങും
അവൾ കരഞ്ഞുപറഞ്ഞു
ആളുകളുണ്ടോ വിടുന്നു?
ആർപ്പുവിളികൾ
കൈയ്യടിത്താളങ്ങൾ
അവർക്ക് ഫോട്ടോ വേണം .
ഉയരത്തിലെ ഫോട്ടോ .

കണ്ണീരുകണ്ടിട്ടോ
ഉള്ളുപിടഞ്ഞിട്ടോ
കൊമ്പിളക്കാതെ
കാത്തു മരം.
തളിരിലക്കൈകൊണ്ട്
കൺ തുടച്ചു
കൊമ്പിലുടക്കാതെ
കാത്തുവച്ചു.

കണ്ണീരുണങ്ങാത്ത
കൊമ്പിലുരഞ്ഞവൾ
ചിറ്റാങ്കൊടിമേലെ
കേറിപ്പോയി.

ആളുകൾ പിരിയുന്ന
നേരം കറുക്കുന്നു .
ഇലക്കുപ്പായക്കാരിയിതെങ്ങുപോയി?

നേരമല്ലാ നേരത്ത്
ആകാശം
നോക്കിയിരിക്കെ
കാണാമരത്തിലെ
കാണാത്ത ചില്ലയിൽ
സാറ്റുകളിക്കുന്ന ഇല-
ക്കുപ്പായക്കാരിയെ
കാണാറുണ്ടോ
നിങ്ങൾ കാണാറുണ്ടോ?



## പ്രേമജ ഹരീന്ദ്രൻ

**8**

ചിത്രീകരണം: റോഷൻ



"സീച്ചറേ, എനിക്ക് മൂത്രമൊഴിക്കണം. ഞാൻ പോയ്ക്കോത്തെ?"

സുപ്പു എഴുന്നേറ്റുനിന്നുകൊണ്ടാണ് ചോദിച്ചത്. ഒന്നാം പിരീഡ് തുടങ്ങിയിട്ട് അധിക സമയമായിരുന്നില്ല. ആദ്യത്തെ പിരീഡ് പരിസരപഠനമാണ്.

"ഇപ്പോ ക്ലാസ് തുടങ്ങിയല്ലേയുള്ളൂ. ശരി പോയിവാ."

വിനയട്ടീച്ചർ മനസ്സില്ലാമനസ്സോടെയാണ് സമ്മതം കൊടുത്തത്.

കേട്ടപാതി കേൾക്കാത്തപാതി സുപ്പു വയ്യാത്ത കാലും വലിച്ച് പുറത്തേക്കോടി.

ഇത്തിരിനേരം കഴിഞ്ഞ് ക്ലാസ്സിനകത്തേക്ക് തിരിച്ചു കയറുമ്പോഴും സുപ്പുവിന്റെ മുഖത്ത് ഒരു തെളിച്ചക്കുറവുണ്ടായിരുന്നു. ടീച്ചറുടെ അടുത്ത ചോദ്യം അവനോടായിരുന്നു.

"ഏറ്റവും വലിയ പക്ഷിയേത്?" സുപ്പു മിഴിച്ചു നിന്നു.

"അവനതൊന്നും അറിയൂല, ടീച്ചറേ."

രാഹുൽ കളിയാക്കി.

"സീച്ചറേ എനിക്ക് പുറത്തു പോണം." സുപ്പു പറഞ്ഞു.

"നീ ഇപ്പോഴല്ലേ പോയി വന്നത്?"

ടീച്ചർ ആശ്ചര്യത്തോടെ ചോദിച്ചു.

"അത് നേരത്തെ ഒന്നിനല്ലേ. ഇപ്പോ ഇതിനാ..." അവൻ രണ്ടുവിരലുയർത്തി കാണിച്ചു.

കുട്ടികൾ കൂട്ടച്ചിരിയായി.

ഇപ്പോൾ ടീച്ചർക്ക് ശരിക്കും ദേഷ്യം വന്നു തുടങ്ങിയിരുന്നു. പക്ഷേ, സുപ്പു രണ്ടു കൈകൊണ്ടും വയറമർത്തിപ്പിടിച്ച് നിൽക്കുകയാണ്. വിടാതെ വയ്യ. ഇനി ക്ലാസിലെങ്ങാൻ...

"ശരി പോയി വാ," ടീച്ചറുടെ സമ്മതം കിട്ടിയതും അവൻ നേരത്തെ ഓടിയതിനേക്കാളും വേഗത്തിൽ പുറത്തേക്കോടി.

ഇപ്രാവശ്യം അൽപം താമസിച്ചാണ് അവൻ തിരിച്ചുവന്നത്. തിരിച്ചുവന്ന് അൽപസമയം കഴിഞ്ഞപ്പോൾ അവൻ വീണ്ടും എഴുന്നേറ്റുനിന്നു.

"സീച്ചറേ, എനിക്ക് മൂത്രമൊഴിക്കാൻ പോണം."

"ശ്ശെടാ, ഇതിനും മാത്രം മൂത്രമുണ്ടോ നിനക്ക്? പോവണ്ട അവിടിരിക്ക്."

പരിസരപഠനം പഠിക്കാൻ മടിയാ നിനക്ക് അല്ലേ? അതല്ലേ ഈ ഇല്ലാത്ത കാരണം പറഞ്ഞ് പുറത്തുപോവുന്നത്?"

ടീച്ചർ തിരിഞ്ഞുനിന്ന് ബോർഡിൽ എഴുതാൻ തുടങ്ങി.

"സീച്ചറേ, ദാ ഞാനിപ്പം വരാം" പറഞ്ഞു പൂർത്തിയാക്കും മുമ്പ് സുപ്പു പുറത്തെത്തി കഴിഞ്ഞിരുന്നു.

"ടീച്ചറെ, സുപ്പു പോയി." കുട്ടികൾ കൂട്ടത്തോടെ പറഞ്ഞു.

ഇവനെ മര്യാദ പഠിപ്പിച്ചിട്ടു തന്നെ കാര്യം. ടീച്ചർ നല്ല ദേഷ്യത്തിലാണ്. സുപ്പു പോയ വഴിയേ ടീച്ചർ നടന്നു. പിന്നാലെ ജാഥയായി കുട്ടികളും.



മൂത്രപ്പുരയിലെങ്ങും സുപ്പുവില്ല. ഇവനെവിടെപ്പോയി?

ടീച്ചർക്ക് പരിഭ്രമമായി.

"ടീച്ചറേ ദാ അവിടെ."

മേഘയാണ് കണ്ടുപിടിച്ചത്. മൂത്രപ്പുരയുടെ പിന്നിലുള്ള വിറകുപുരയുടെ വരാന്തയിൽ കുനിഞ്ഞിരുന്ന് ശ്രദ്ധയോടെ എന്തോ ചെയ്യുന്നു.

കോളറിനുപിടിച്ച് അവനെ പൊക്കിയെടുക്കാനാണ് ടീച്ചർ ആദ്യം കരുതിയത്. പക്ഷേ, എന്താണവൻ ചെയ്യുന്നത്? അതറിയണ്ടേ?

'ശ്ശ്ശ്...' ചുണ്ടിനു മുകളിൽ വിരൽ ചേർത്ത് മിണ്ടരുല്ലേ എന്ന് ആംഗ്യം കാണിച്ച് ടീച്ചർ പതുക്കെ കുനിഞ്ഞു നോക്കി.

ഒരു കുഞ്ഞുപക്ഷി! അതിന്റെ ചുണ്ടുകൾ പിളർത്തി വെള്ളം ഇറ്റിച്ചുകൊടുക്കുകയാണ് സുപ്പു.

"ഇതെന്താ നീ ചെയ്യുന്നത്?"

ടീച്ചറുടെ ഒച്ചകേട്ട് സുപ്പു ചാടിയെണീറ്റു. കയ്യോടെ പിടികൂടിയ കള്ളനെപ്പോലെ തലതാഴ്ത്തി നിന്നു.

"ഇതിനാരുന്നോ നീ മൂത്രമൊഴിക്കാൻ ന്നു പറഞ്ഞു വന്നത്?"

ടീച്ചർ ചോദിച്ചപ്പോഴേക്കും അവന്റെ കണ്ണുകൾ നിറഞ്ഞു തുളുമ്പി.

"അത്... സീച്ചറേ... അത് ചാവാൻ തൊടങ്ങുവാരുന്നു. എന്നെപ്പോലെ അതിന്റേം ഒരു കാല് ഒടിഞ്ഞുപോയി. രാവിലെ സ്കൂളിലേക്ക് വരുന്ന വഴീന്ന് കിത്തിയതാ..."

പറഞ്ഞുതീരും മുമ്പ് അവൻ കരഞ്ഞുപോയി.

ഇപ്പോൾ സങ്കടം വന്നത് ടീച്ചർക്കായിരുന്നു.

"എന്റെ കുട്ടീ, ഞാൻ വഴക്കുപറയുമെന്ന് കരുതി അല്ലേ?"

ടീച്ചർ അവനെ ചേർത്തുപിടിച്ചു.

അൽപ്പനേരം കഴിഞ്ഞ് ക്ലാസ്സിന്റെ മൂലയിലെ തുണിക്കിടക്കയിൽ കിടത്തി ടീച്ചറും കുട്ടികളും കൂടി വെള്ളം കൊടുക്കുമ്പോൾ ആ കുഞ്ഞുപക്ഷി കണ്ണുതുറന്ന് നോക്കി. അപ്പോഴേക്കും ബെല്ലടിച്ചു. പരിസരപഠനത്തിന്റെ പിരീഡ് കഴിഞ്ഞിരുന്നു.

(തുടരും)




പീക്കിരി.ഇൻ
കൊച്ചുകുട്ടികൾക്കുള്ള പേജുകളാണ്.
മുതിർന്നവർ ഇത് വായിച്ചുകൊടുക്കുമല്ലോ.

### മാമനെ സഹായിക്കാമോ?

ഈ കഥയ്ക്ക് ചിത്രം ചേർത്തപ്പോൾ യുറീക്കാമാമന് ഒരബദ്ധം പറ്റി. ആദ്യത്തെയും അവസാനത്തെയും ചിത്രങ്ങളൊഴികെ ബാക്കിയെല്ലാം ചേർത്ത സ്ഥാനങ്ങൾ മാറിപ്പോയി. എത്ര ശരിയാക്കിയിട്ടും ശരിയാവുന്നില്ല. കൂട്ടുകാർക്ക് അത് യഥാസ്ഥാനത്ത് വെച്ച് സഹായിക്കാമോ.



# പഞ്ഞിക്കിടക്ക

**ഗണേഷ് വേലാണ്ടി**

ചിത്രീകരണം: അരവിന്ദ് വട്ടംകുളം



കുഞ്ഞൻമുയലിന് കിടക്ക വേണം. അതും പഞ്ഞിക്കിടക്ക. കാരറ്റ് തിന്നുന്നതിനിടയിലാണ് മുയലമ്മയോട് കിടക്കയുടെ കാര്യം പറഞ്ഞത്. "മുയലുകൾ കിടക്കയിൽ കിടക്കാറില്ല." മുയലമ്മ കുഞ്ഞനോട് പറഞ്ഞു.



കുഞ്ഞൻമുയൽ പൂച്ചയുടെ അടുത്തെത്തി. "പൂച്ചച്ചേട്ടാ എനിക്ക് കിടക്കാനായി പഞ്ഞിക്കിടക്ക വേണം." "ഈ കാട്ടിലെവിടെയാ പഞ്ഞിക്കിടക്ക. അതിന് നാട്ടിൽ പോകണം." പൂച്ച വാലുയർത്തി.

കുഞ്ഞൻമുയൽ മയിലിന്റെ
അടുത്തെത്തി.
"മയിലച്ചാ എനിക്ക്
പഞ്ഞിക്കിടക്ക വേണം."
"ഞാൻ തന്നെ പൊന്തക്കാട്ടിലാ
കിടത്തം. പിന്നെവിട്ടുന്നാ
പഞ്ഞിക്കിടക്ക."
മയിൽ തലതിരിച്ച് നടന്നു.





കുഞ്ഞൻമുയൽ കാക്കയുടെ
അടുത്തെത്തി.
"കാക്കേച്ചീ എനിക്ക്
പഞ്ഞിക്കിടക്ക തരുമോ?"
"ചുള്ളിക്കൊമ്പുകൊണ്ടുള്ള
കൂട്ടിലല്ലേ ഞാൻ. എനിക്കെവിടുന്നു
കിട്ടാനാ പഞ്ഞിക്കിടക്ക."
കാക്ക കൊക്കു കൂർപ്പിച്ചു.



കുഞ്ഞൻ മുയൽ അണ്ണാറക്കണ്ണന്റെ
അടുത്തെത്തി.
"അണ്ണാറക്കണ്ണാ തൊണ്ണൂറുവാലാ,
എനിക്ക് ഒരു പഞ്ഞിക്കിടക്ക തരുമോ?"
"എന്റെ കിടക്ക പഞ്ഞികൊണ്ട് തന്നെയാ
ണ്." കുഞ്ഞൻമുയലിന് സന്തോഷമായി.
"വലിയ മരക്കൊമ്പിന് മുകളിലാ കിടക്ക.
താഴോട്ട് ഇട്ടാൽ പഞ്ഞിയെല്ലാം കാറ്റിൽ
പറന്നുപോകും. ചിൽ ചിൽ."
അണ്ണാറക്കണ്ണൻ ചാടിപ്പോയി.





കുഞ്ഞൻമുയൽ ചാടിച്ചാടി
തേൻകിളിയുടെ അടുത്തെത്തി.
"തേൻകിളിയേ എനിക്കൊരു
പഞ്ഞിക്കിടക്ക വേണം."
"ചകിരിനാര് കൊണ്ട് കിടക്ക
ഉണ്ടാക്കാനേ എനിക്കറിയൂ."
തേൻകിളി തലകുലുക്കി.



വൈകുന്നേരമായപ്പോൾ കുഞ്ഞൻ
തളർന്ന് മുയലമ്മയുടെ അടുത്തെത്തി.
"എന്റെ മോന് പഞ്ഞിക്കിടക്ക കിട്ടിയോ?"
"ഇല്ലമ്മേ."
"എന്നാ വാ..."
മുയലമ്മ കുഞ്ഞൻ മുയലിനെ കൂട്ടി
മാളത്തിലേക്ക് പോയി.
എന്നിട്ട് മടിയിൽ കിടത്തി.
"മോൻ ഇനിയുറങ്ങിക്കോ."



"ഇനി ഞാനിവിടെയേ കിടക്കൂ.
ഇതാണെന്റെ പഞ്ഞിക്കിടക്ക."
കുഞ്ഞൻമുയൽ
കണ്ണുചിമ്മുന്നതിനിടയിൽ
പറഞ്ഞു.




**കത്തുകൾ**
**അയയ്ക്കേണ്ട വിലാസം :**
യു-മെയിൽ, യുറീക്ക,
ചാലപ്പുറം,
കോഴിക്കോട്- 673002

**9497172919**

എന്നെ ട്യൂഷൻ പഠിപ്പിച്ച ചേച്ചി എറണാകുളത്തു നിന്നു വന്നതായിരുന്നു. ചേച്ചി 14 ദിവസം നിരീക്ഷണത്തിലായിരുന്നു, വീട്ടിൽ തന്നെ. 14 ദിവസത്തിനു ശേഷം കോവിഡ് ഇല്ല എന്ന് സ്ഥിരീകരിച്ചു. അങ്ങനെ കുറേപേരുണ്ടായിരുന്നു നിരീക്ഷണത്തിൽ. അവർക്കൊന്നും ഒരു കുഴപ്പവുമുണ്ടായില്ല. പക്ഷേ, എന്റെ ഗ്രാമമായ പട്ടഞ്ചേരിക്കടുത്തുള്ള മുതലമടയിൽ ഒരാൾക്ക് കോവിഡ് സ്ഥിരീകരിച്ചു.

അദ്ദേഹത്തിന്റെ കുടുംബത്തിലുള്ള എല്ലാവരും നിരീക്ഷണത്തിലുമായി. മുതലമടയിലെ പ്രാഥമിക ആരോഗ്യ കേന്ദ്രവും അടച്ചുപൂട്ടി. എനിക്ക് പുറത്തിറങ്ങാൻ തന്നെ ഭയമായി.

മാസ്ക് ധരിച്ച് സാനിറ്റൈസർ ഉപയോഗിച്ച് കൈ വൃത്തിയാക്കി പുറത്തിറങ്ങുന്നത് പുതിയ ഒരു അനുഭവമായിരുന്നു.

എത്രയും പെട്ടെന്ന് ഈ ലോക്ഡൗൺ കഴിയണമെന്നാണ് എന്റെ ആഗ്രഹം. ഒപ്പം ഈ മഹാമാരിയും.

**ഇഷശ്രീ,** 6 ബി, ജി.യു.പി.എസ്. തത്തമംഗലം, പാലക്കാട്.

## ഭയമുണ്ടെങ്കിലും...

കോവിഡ് 19 എന്ന മഹാമാരി ലോകത്തിലെ എല്ലാവരേയും ബാധിച്ചിരിക്കുന്നു. ഒരുപാടു പേരുടെ മരണം നടന്നുകഴിഞ്ഞു. ലോക്ഡൗൺ സമയത്ത് എന്റെ വീട്ടിൽ അത്യാവശ്യത്തിനല്ലാതെ ആരും പുറത്തിറങ്ങിയില്ല. രോഗഭീതിയുണ്ടെങ്കിലും ഞങ്ങൾക്ക് വളരെ സന്തോഷത്തോടുകൂടി കുറച്ചുനാൾ വീട്ടിൽ ഇരിക്കാൻ സാധിച്ചു. ഞങ്ങളുടെ ഗ്രാമത്തിൽ നിരീക്ഷണത്തിൽ കഴിയുന്നവരുടെ എണ്ണം വളരെ കുറവായിരുന്നെങ്കിലും ആദ്യത്തെ ഒന്നു രണ്ട് ആഴ്ചകൾ പേടിയുടേതായിരുന്നു. അതിനുശേഷം എന്റെ വീടിനടുത്തുള്ള കൂട്ടുകാരോടൊപ്പം കളിക്കാനും പഠിക്കാനും തുടങ്ങി. അങ്ങനെ അവധിക്കാലം കഴിയാറായി. എങ്കിലും ഇതുപോലൊരു അവധിക്കാലം ഇതിനു മുൻപ് ഉണ്ടായിട്ടില്ല. ഒരിക്കലും മറക്കാനാവില്ല.

**ഗോപിക ബി,** ജി.യു.പി.എസ്. തത്തമംഗലം, പാലക്കാട്.

## കോവിഡ്കാല വിശേഷങ്ങൾ

ലോക്ഡൗൺ തുടങ്ങിയ അന്നു മുതൽ എന്റെ അമ്മ വീട്ടിൽ തന്നെയുണ്ടായിരുന്നു. ആദ്യ ദിവസങ്ങൾ എനിക്ക് വളരെ സന്തോഷമായിരുന്നു. അമ്മ വീട്ടിലുണ്ടല്ലോ എന്ന സന്തോഷം. പക്ഷേ, പിന്നീടാണ് എനിക്ക് മനസ്സിലായത് നമ്മുടെ നാട് എത്ര പ്രതിസന്ധിയിലാണെന്ന്. ഞാനും എന്റെ വീട്ടിലുള്ളവരും ആരോഗ്യ പ്രവർത്തകർ പറയുന്നതെല്ലാം അനുസരിച്ച് മുന്നോട്ട് പോയി.

## എന്നാലും അടിച്ചുപൊളിച്ചു

പെട്ടെന്ന് ഒരു ദിവസമാണ് പരീക്ഷ ഇല്ലെന്ന് പറഞ്ഞ് സ്കൂൾ പൂട്ടിയത്. ഞാൻ സന്തോഷത്തിലായി. പക്ഷേ, ടി.വിയിൽ കോവിഡ് 19 നെ കുറിച്ചുള്ള വാർത്തകളൊക്കെ കണ്ടപ്പോഴാണ് എനിക്ക് അതിന്റെ ഗൗരവം മനസ്സിലായത്. പല രാജ്യങ്ങളിലും കൂടുതൽ ആളുകൾ മരിക്കുന്നതു കാണുമ്പോൾ എന്റെ ഉള്ളിലും ഭയം തുടങ്ങി. എങ്കിലും കൊറോണ കാലം ഞാൻ അടിച്ചുപൊളിച്ചു. അടുത്തുള്ള വീടുകളിൽ എല്ലാം എന്റെ ബന്ധുക്കളാണ്. അവിടെ കുറേ കുട്ടികളുമുണ്ട്. അവരോടൊപ്പമാണ് ഞാൻ എപ്പോഴും കളിക്കുന്നത്. അച്ഛനും അമ്മയും ചേട്ടനും എല്ലാവരും ഉള്ളതുകൊണ്ട് ലോക്ഡൗൺ ദിവസങ്ങളിൽ ഞങ്ങൾക്ക് ഒപ്പം ഇരുന്ന് ഭക്ഷണം കഴിക്കാനും പറ്റി. ഒരുമിച്ചുതന്നെ വീടും പരിസരവുമെല്ലാം വൃത്തിയാക്കി. ഞങ്ങളുടെ പൂന്തോട്ടത്തിലുള്ള ചട്ടികളിലെല്ലാം പെയിന്റടിക്കാൻ അമ്മയെ ഞാൻ സഹായിച്ചു. അവധിക്കാലം അങ്ങനെ വളരെ രസകരമായിരുന്നു. എപ്പോഴും ട്യൂഷനും മദ്രസയും ഒക്കെ ഉണ്ടാവുമായിരുന്ന പഴയ അവധിക്കാലം ഓർമ മാത്രമായി. എന്തൊക്കെയാണെങ്കിലും കോവിഡ് 19 ഈ ലോകത്ത് നിന്ന് ഇല്ലാതാകണേ എന്നാണ് എന്റെ ആഗ്രഹം.

**റിസ്‌വിൻ എൻ.,** 4- ാം തരം, കെ.കെ.എം.എൽ.പി.എസ്., വണ്ടിത്താവളം, പാലക്കാട്.

e-mail: priyappettaeureke@gmail.com

## സന്തോഷവും ബോറടിയും

കൊറോണ കാരണം സ്കൂൾ അടച്ചപ്പോൾ ആദ്യം എനിക്ക് സന്തോഷം തോന്നി. കാരണം പരീക്ഷ ഇല്ലല്ലോ. പിന്നീട് പതുക്കെ പതുക്കെ എനിക്ക് ബോറടി തുടങ്ങി. കോഴിക്ക് അരി വിതറിയും അനിയനോടൊപ്പം കളിച്ചും വിത്ത് മുളപ്പിച്ചും സൈക്കിൾ ചവിട്ടിയും സമയം ചെലവഴിച്ചു.

കൊറോണ കാലത്ത് അമ്മ എനിക്ക് രുചിയുള്ള പലഹാരങ്ങൾ ഉണ്ടാക്കിത്തന്നു. യൂട്യൂബിൽ 'സമന്വയ'ത്തിന്റെ പറയൽ മത്സരത്തിൽ പങ്കെടുത്തു മൂന്നാം സ്ഥാനവും നേടി. സന്തോഷമായി എനിക്ക്. എന്റെ നാട്ടിൽ ആർക്കും വലിയ പ്രശ്നങ്ങൾ ഒന്നും ഇല്ലായിരുന്നു. ഞങ്ങൾ ആരും പുറത്തിറങ്ങിയില്ല.

**സനിക സി.ആർ**, 3 ാം തരം, കെ.എസ്.ബി.എസ്. കരിപ്പോട്, പാലക്കാട്.

## അല്ല പിന്നെ...

പരീക്ഷകളും വാർഷികവും കഴിഞ്ഞ് നല്ല സുഖത്തിൽ കളിച്ചും ചിരിച്ചും നടക്കാം എന്നു വിചാരിച്ചു. പരീക്ഷയുടെ ദിവസം അടുത്തെത്താറായി. ക്ലാസ് ടെസ്റ്റുകൾ തുടങ്ങി. സ്കൂൾ വിട്ട് വൈകുന്നേരം വീട്ടിലേക്കു വന്നു. എന്നെയേറെ ഞെട്ടിച്ച ഒരു വാർത്ത എന്താണെന്നോ. കൊറോണ എന്ന വൈറസ് ലോകത്ത് പടരുന്നു. ഇനിയും കൂടുതൽ പടരാതിരിക്കുവാൻ വേണ്ടി കേരളത്തിലെ എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും അവധി എന്നായിരുന്നു. ആദ്യം അവധിയുടെ കാര്യം പറഞ്ഞപ്പോൾ സന്തോഷമായിരുന്നു. കൊറോണയുടെ കാര്യം പറഞ്ഞപ്പോൾ എനിക്കു തോന്നിയത് ഇവിടെയൊന്നും വരില്ല എന്നുമായിരുന്നു.



കുറേ ദിവസങ്ങൾ കഴിഞ്ഞു. എന്റെ പിറന്നാൾ ദിവസമായി. ചെറിയ രീതിയിൽ പിറന്നാൾ ആഘോഷിച്ചു. എനിക്ക് സന്തോഷമായി. അഞ്ചാറ് ദിവസങ്ങൾ കഴിഞ്ഞപ്പോൾ കേരളമാകെ ലോക്ഡൗൺ ആക്കി. കടകളും, തിയേറ്ററുകളും സകല വഴികളും പൂട്ടി. പിന്നെ കൊറോണ എന്നല്ല, കോവിഡ് 19 എന്നായി പറച്ചിൽ. സർക്കാർ നിർദേശങ്ങൾ നൽകി. മാസ്ക് ധരിക്കുക, കൈ സോപ്പ് ഉപയോഗിച്ച് കഴുകുക, സാനിറ്റൈസർ ഉപയോഗിക്കുക, പുറത്തിറങ്ങാതെ വീട്ടിൽ ഇരിക്കുക. ഈ കാര്യം പറഞ്ഞപ്പോൾ എനിക്ക് വിഷമമായി. കാരണം ഇനി പുറത്തിറങ്ങാൻ പറ്റില്ലല്ലോ. ഒരു നല്ല കാര്യത്തിനു വേണ്ടിയാണ് എന്ന് ചിന്തിച്ചു കൊണ്ട് ഞാൻ ആ ദുഃഖം പറത്തിവിട്ടു. എന്നാലും രോഗികളുടെ എണ്ണം കൂടിക്കൊണ്ടിരുന്നു. പിന്നെ കർശന നിർദേശങ്ങളായി. പോലീസുകാർ, ഡോക്ടർമാർ, പാചകവിതരണക്കാർ, പാൽക്കച്ചവടക്കാർ, പത്രവിതരണക്കാർ എന്നിവരൊക്കെ നമ്മൾ എത്ര പ്രശംസിച്ചാലും തീരാത്ത സേവനങ്ങൾ നൽകി.

എന്റെ അച്ഛൻ ഗ്യാസ് സപ്ലൈ ജോലിക്കു പോകുമ്പോൾ ആദ്യം എനിക്ക് വളരെ വിഷമമായിരുന്നു. കാരണം എല്ലാവരും വീട്ടിൽ ഇരിക്കാൻ പറയുമ്പോൾ എന്റെ അച്ഛനെപ്പോലെ ചിലർ തൊഴിൽ ചെയ്യുകയാണ്. എന്തായാലും അവശ്യ സർവീസാണല്ലോ എന്ന് സമാധാനിച്ചു. വീട്ടിൽ എല്ലാവരും എന്നെ സഹായിക്കുകയും എന്നെക്കൊണ്ട് പറ്റുംവിധം ഞാൻ അവരെയും സഹായിക്കുകയും ചെയ്തു. അമ്മയും ചേച്ചിയും ഞാനുംകൂടി പല പുതിയ വിഭവങ്ങളും ഉണ്ടാക്കി. പാളിപ്പോയതെല്ലാം തമാശയായി. എന്റെ ക്ലാസ് ഗ്രൂപ്പിലെയും യു.എസ്.എസ്. ഗ്രൂപ്പിലെയും വർക്ക് ഞാൻ ചെയ്തുകൊണ്ടിരുന്നു. ഞാൻ എന്റെ എല്ലാ ടീച്ചർമാരെയും കൂട്ടുകാരേയും വളരെയധികം മിസ് ചെയ്യുന്നുണ്ടായിരുന്നു. ചെറു കളികൾ കളിച്ചും, സിനിമകൾ കണ്ടും പുസ്തകം വായിച്ചും ദിവസങ്ങൾ തള്ളിനീക്കി.

**ആര്യ കെ.ആർ**, 6 ബി, ജി.യു.പി.എസ്. തത്തമംഗലം, പാലക്കാട്.

## കോവിഡും 144 ഉം

ഇത് കോവിഡ് കാലം. ദിവസവും ആറുമണിക്കെഴുന്നേൽക്കുന്ന ഞാൻ ഇപ്പോൾ എട്ടുമണിക്കാണെഴുന്നേൽക്കുന്നത്. എങ്കിലും ഞാനു ഴപ്പാറില്ല. കുറച്ചുനേരം കരാട്ടെ പരിശീലനത്തിനും അനിമേഷൻ സിനിമകൾ കാണാനും പൂച്ചക്കുട്ടി യോടൊത്തു കളിക്കാനും വീട്ടിലെ ചെറിയ ജോലികൾ ചെയ്യാനും പുസ്തകങ്ങൾ വായിക്കാനും എന്റെ പാവയെ ഒരുക്കാനും ഈ കോവിഡ് കാലത്ത് ഞാൻ ചിലവഴിക്കാറുണ്ട്.

ഇത് കോവിഡ് കാലം, വെറുതെയിരുന്ന് മുഷിയരുത്. ഷീലട്ടീച്ചർ പറഞ്ഞു. അങ്ങനെ

ചിത്രം കടപ്പാട്: pixabay.com

Volume 41 No. 22, 23, 24 Volume 42 No. 1, 2 Eureka 2020 June 16, 44 Pages
Printed and Published by Meerabai T.K, Parishad Bhavan, Chalappuram, Calicut -2. on behalf of Kerala Sasthra Sahithya Parishad
Printed at : Geethanjali Web Offset, Kundaythode, Kolathara P.O, Calicut.
and Published at Parishad Bhavan, Chalappuram, Calicut-673002. Editor : C.M.Muraleedharan. Approved by CSIR for Financial Support.

കുട്ടികൾക്കുള്ള ഒരു ഗ്രൂപ്പിൽ എന്നെ ചേർത്തു. ജെ.സി.ബി. എന്നായിരുന്നു അതിന്റെ പേര്. അതിലെ ചില പ്രവർത്തനങ്ങൾ ചെയ്ത് ഞാൻ സന്തോഷത്തോടെയിരിക്കുന്നു.

ഇത്, കോവിഡ് കാലം. വീട്ടിൽ അച്ഛനും അമ്മയും അത്യാവശ്യങ്ങൾക്കു മാത്രമേ പുറത്തിറങ്ങാറുള്ളൂ. ഒന്നു രണ്ട് തവണ ഞാൻ അവരോടൊപ്പം മാസ്ക് ധരിച്ച് പോയി. പുറത്ത് ആളുകൾ കുറവായിരുന്നു. എല്ലാവരും മാസ്ക് ധരിച്ചിരുന്നു. ഇവിടെ 144 പ്രഖ്യാപിച്ചിരിക്കുകയാണ്. അങ്ങനെ 144 എന്താണെന്നറിയാൻ പറ്റി.

ഇത് കോവിഡ് കാലം. വൈറസിന്റെ ഭീകരതയെപ്പറ്റിയേ പത്രത്തിലും ടി.വിയിലും ഉള്ളൂ. നാട്ടിൽ മറ്റ് അസുഖങ്ങളും കൂടുന്നു. എന്നാലും ഞാൻ സേഫായി വീട്ടിലിരിക്കുന്നു. നിങ്ങളുമങ്ങനെയല്ലേ?

**ധ്വനി,** 3 ാം തരം, ജി.യു.പി.എസ്. വേളമാനൂർ, കൊല്ലം.



ചിത്രം കടപ്പാട്: pikist.com

## ഈ ദുഃഖകാലവും കടന്നുപോവും

ഈ വർഷത്തെ അവധിക്കാലം കൊറോണ കാരണം പതിവിലും നേരത്തെയാണ് വന്നത്. അതുകൊണ്ട് തന്നെ സന്തോഷിക്കാനേ കഴിഞ്ഞില്ല. എനിക്ക് തോന്നിയത് ഈ മഹാമാരി കാരണം ലോകത്തിലെ മുഴുവൻ ജനങ്ങളും വലഞ്ഞു എന്നുതന്നെയാണ്. വീട്ടിലുള്ള ഈ അടച്ചിടൽ താങ്ങാനാകുന്നില്ല. ഒന്നാലോചിച്ചാൽ കൂട്ടിലകപ്പെട്ട പക്ഷികളുടെ അവസ്ഥ തന്നെ. എന്തായാലും അത് വളരെ പെട്ടെന്ന് തന്നെ കടന്നുപോയി. ഞാൻ വാട്ട്സ് ആപ്പിലെ കുട്ടികളുടെ സർഗാത്മകത തെളിയിക്കുന്ന ഗ്രൂപ്പായ ജെ.സി.ബി.യിൽ അംഗമായിരുന്നു. അതിനാൽ ദിവസങ്ങൾ പോയത് ഒട്ടും അറിഞ്ഞതേയില്ല. കൊറോണ കാരണം എന്റെ ഉപ്പ വിദേശത്ത് റൂമിൽ കഴിയുകയാണ്. ആ വിഷമം എനിക്ക് മറുഭാഗത്ത്. ഒരു പ്രശ്നവുമില്ലാതെ ഉപ്പയൊന്ന് അടുത്തെത്താൻ അതിയായ ആഗ്രഹമുണ്ട് എനിക്ക്.

ഗവൺമെന്റ് പല സഹായങ്ങളും തന്നു. പലരേയും സഹായിച്ചു. ഒന്നിച്ചു നിൽക്കാനായി പല നിർദേശങ്ങളും നൽകി. അതെല്ലാം ഏറ്റുവാങ്ങിയും അനുസരിച്ചും സന്തോഷവും ദുഃഖവും ചേർന്ന മനസ്സോടെ കൊറോണക്കാലം കഴിച്ചുകൂട്ടി. എന്നാലും എനിക്ക് കൂടുതൽ വേദന തന്നെയാണ് തോന്നുന്നത്. എത്ര ലക്ഷങ്ങളാണ് മരണത്തിന് കീഴടങ്ങിയത്. ഈ കാലവും കടന്നുപോവും.

**ജഹാന ഫാത്തിമ,** 6 ാം തരം, പി.ടി.എം.യു.പി.എസ്., പള്ളിയോത്ത്, ബാലുശ്ശേരി, കോഴിക്കോട്.

## ഹായ്... ഞാൻ ആർ.ജെ.നേഹ

ഞാൻ നേഹ. റേഡിയോ ജെ.സി.ബിയിലെ ആർ.ജെ.നേഹയാണ്. ഈ കൊറോണക്കാലം മുഴുവൻ ഞാൻ അങ്ങനെയാണ് അറിയപ്പെട്ടത്. ഞാൻ റേഡിയോ ജോക്കിയായ കഥ എത്ര ആഹ്ലാദകരമാണെന്നോ. വെറുതെ ടി.വി.യൊക്കെ കണ്ടുനടന്ന ഞാൻ ജെ.സി.ബി.ഗ്രൂപ്പിലെ ചില പ്രവർത്തനങ്ങൾ കാണാനിടയാവുകയായിരുന്നു. ആദ്യമൊക്കെ കവിത ഈണത്തിൽ ചൊല്ലാനായിരുന്നു എനിക്കിഷ്ടം. പിന്നെയാണ് ഗ്രൂപ്പിലെ ബാക്കി പ്രവർത്തനങ്ങളിലേക്ക് കടക്കുന്നത്. അങ്ങനെ ഗ്രൂപ്പിലെ എല്ലാവരേയും പരിചയപ്പെട്ടു.

ഞാൻ കവിത ചൊല്ലി, ചിത്രം വരച്ചു, കടങ്കഥ ചെയ്തു. ഇഷ്ടമരത്തെക്കുറിച്ചെഴുതി. മീനുക്കുട്ടിയുടെ ലോകം വായിച്ചു... അങ്ങനെയങ്ങനെ കുട്ടികളുടെ റേഡിയോ ആയ റേഡിയോ ജെ.സി.ബി.യിലും ചേർന്നു. ഹാ... പിന്നെ പറയേണ്ട. വൈകുന്നേരം 7.30 മുതൽ 8.30 വരെയാണ് പരിപാടി. അതിനു മുമ്പായി റേഡിയോ ജോക്കിയായ ഞാൻ മറ്റു ജോക്കിമാരോടൊപ്പം ഹായ്... ഞാൻ ആർ.ജെ. നേഹ. എന്നോടൊപ്പം കേൾക്കൂ. റേഡിയോ ജെ.സി. ബി. ഭാവനയുടെ അതിരില്ലാ ആകാശവാണി എന്ന് പറയാൻ തുടങ്ങും. മറക്കാൻ കഴിയില്ല ഈ നാളുകൾ.

**നേഹ,** 3 ാം തരം, ഗവ.ന്യൂ.എൽ.പി.എസ്. താഴത്തുവടക്ക്, കൊല്ലം.

കൊറോണക്കാലത്തെ നിങ്ങളുടെ അനുഭവങ്ങളും ചിന്തകളും വാട്സ് ആപ്പിലൂടെ യുറീക്കയെ അറിയിക്കൂ. യുറീക്ക കാത്തിരിക്കുന്നു. മികച്ച കുറിപ്പുകൾ പ്രസിദ്ധീകരിക്കും

Date of Publication : 9/6/2020 **EUREKA** Price : ₹ 17.00

ISSN : 0972-2122 Science Fortnightly For Children Registered No: KL/CT/46/2018-20

License to post without prepayment of postage No: KL/PMG/NR/WPP/7/KKD/2018-20

Registered with the Newspaper Registrar of India under No:29524/78








Follow us on

ശീലമാക്കാം ...

FOOTWEAR & BACK PACKS ODYSSIA

CLASSMATE SHOES

SANDALS & BACKPACKS